# ലോഗോസ് ക്വിസ് 2015

## ലഘുപഠനം

**സംഖ്യ 1–10**

**സുഭാഷിതങ്ങൾ 1–9**

**യോഹന്നാന്റെ സുവിശേഷം 1–12**

**യൂദാസിന്റെ ലേഖനം**


തയ്യാറാക്കിയത്:

**റവ. ഡോ. തെരേസ നടുപ്പടവിൽ SABS**

# സംഖ്യയുടെ പുസ്തകം

## (1–10 അധ്യായങ്ങൾ)

### 1. സംഖ്യയുടെ പുസ്തകം

ഇസ്രായേലിന്റെ ജനസംഖ്യാ കണക്കെടുപ്പും അതിന്റെ തരംതിരിച്ചുള്ള പട്ടികകളും ഉൾക്കൊള്ളുന്ന സംഖ്യ എന്ന ഗ്രന്ഥം ബൈബിളിലെ നാലാമത്തെ ഗ്രന്ഥമാണ്. ഈജിപ്തിൽനിന്നു പുറപ്പെട്ട ഇസ്രായേൽ ജനം കാനാൻദേശത്തെ ലക്ഷ്യമാക്കി യാത്ര ചെയ്യുമ്പോൾ സീനായ് മരുഭൂമിയിൽ സീനായ് മലയുടെ താഴ്‌വരയിൽ ഒരു വർഷത്തോളം ചെലവഴിക്കുന്നുണ്ട്. അവിടെവച്ച് ദൈവവുമായി ഉടമ്പടിയിലേർപ്പെടുകയും അവിടുന്നു നല്കിയ നിയമങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നു. തുടർന്ന്, മോശ ജനത്തെ സൈനികനീക്കം നടത്താവുന്ന രീതിയിൽ ഒരുക്കി കാനാൻദേശത്തിന്റെ എതിർവശത്ത് മൊവാബ്ദേശത്തുവരെ എത്തിക്കുന്നതിന്റെ വിവരണങ്ങളാണ് സംഖ്യാഗ്രന്ഥത്തിൽ നാം വായിക്കുന്നത്.

#### 1.1. പുസ്തകത്തിന്റെ പേരും രചനയും

ഹീബ്രുബൈബിളിൽ പുസ്തകങ്ങൾക്കു പേരായിവരുന്നത് അതിലെ അർത്ഥപൂർണതയുള്ള ആദ്യത്തെ വാക്ക് അല്ലെങ്കിൽ വാക്കുകളാണ് എന്നു നമുക്കറിയാം. സംഖ്യയുടെ പുസ്തകം ആരംഭിക്കുന്നത് *ബെമിദ്ബാർ* (bemidbaar, മരുഭൂമിയിൽ) എന്ന വാക്കുകൊണ്ടായതിനാൽ അത് ഹീബ്രുബൈബിളിൽ ഗ്രന്ഥത്തിന്റെ പേരായിത്തീർന്നു. ബൈബിളിന്റെ ഗ്രീക്കുപതിപ്പിൽ, അതായത്, സപ്തതിയിൽ ഈ ഗ്രന്ഥത്തിനു ശീർഷകം നല്കിയിരിക്കുന്നത് *അരിത്മോയി* എന്ന പദമാണ്. ആ പദത്തിന്റെ തർജമയായിട്ടാണ് *സംഖ്യ* എന്ന പേര് ഗ്രന്ഥത്തിനു ലഭിച്ചിരിക്കുന്നത്.

പഞ്ചഗ്രന്ഥിയുടെ കർതൃത്വം മോശയിലാരോപിക്കുന്ന പാരമ്പര്യമനുസരിച്ച്, അതിലെ നാലാമത്തെ ഗ്രന്ഥമായ സംഖ്യയുടെ കർത്താവ് മോശയല്ലാതെ മറ്റാരുമല്ല. എങ്കിലും ഇന്നാരുംതന്നെ ഇക്കാര്യം അംഗീകരിച്ചുകൊടുക്കുന്നില്ല. ഇസ്രായേൽ ജനതയുടെ ആദ്യത്തെ അനിഷേധ്യനേതാവായ മോശയുടെ കാലഘട്ടത്തിൽ, അതായത്, ഇസ്രായേൽജനതയുടെ പ്രാരംഭഘട്ടത്തിൽ ഉണ്ടായ സംഭവങ്ങളും അവർക്കുവേണ്ടി ഉണ്ടായ നിയമങ്ങളും കൈമാറിവന്നതായതുകൊണ്ട് പഞ്ചഗ്രന്ഥി മോശയുടെ ഗ്രന്ഥങ്ങൾ എന്നു വിളിക്കപ്പെടുന്നതിൽ തെറ്റില്ല. എന്നാൽ, അവ മുഴുവൻ മോശയുടെ രചനയെന്നു കരുതുക ശരിയായിരിക്കുകയില്ല. പാരമ്പര്യങ്ങളിലൂടെ വാമൊഴിയായി കൈമാറിവന്നവ ലിഖിതപ്പെടുത്തിയും വരമൊഴിയായുണ്ടായിരുന്നവ സംയോജിപ്പിച്ചും ഗ്രന്ഥരൂപത്തിലാക്കിയത് ബി.സി. അഞ്ചാം നൂറ്റാണ്ടിൽ, അതായത്, ബാബിലോൺപ്രവാസകാലത്തിനുശേഷം ആയിരിക്കണം. സംഭവവിവരണങ്ങൾ മിക്കവാറും യാഹ്‌വിസ്റ്റ്, എലോഹിസ്റ്റ് പാരമ്പര്യപ്രകാരമുള്ളതും നിയമസംഹിതകളും പട്ടികകളും മറ്റും പ്രീസ്റ്റ്ലി (പുരോഹിത) പാരമ്പര്യപ്രകാരമുള്ളതും ആണ്.

#### 1.2. ഘടന

ഇസ്രായേൽ ജനം ഈജിപ്തിൽനിന്നു പുറപ്പെട്ട് പല സ്ഥലങ്ങളിൽ താവളമടിച്ചശേഷം മൂന്നാംമാസം ഒന്നാംദിവസം സീനായ് മരുഭൂമിയിലെത്തി. അവിടെ പാളയമടിച്ച ജനത്തോട് ദൈവം ഉടമ്പടിയുണ്ടാക്കുകയും സമാഗമകൂടാരം നിർമിക്കാനാവശ്യപ്പെടുകയും നിയമങ്ങൾ നല്കുകയും ചെയ്തു. അവിടെവച്ച്, ദൈവത്തിന്റെ കൂടാരം സജ്ജമാക്കി പ്രതിഷ്ഠിക്കുന്നതു വിവരിച്ചുകൊണ്ടാണ് പുറപ്പാടിന്റെ പുസ്തകം അവസാനിക്കുക. ''...സീനായ് മലമുകളിൽവച്ച് കർത്താവു മോശയ്ക്കു നല്കിയ കൽപനകളാണ് ഇവ'' എന്ന് ലേവ്യരുടെ പുസ്തകം അവസാനിക്കുന്നതിനാൽ അവർ അപ്പോഴും സീനായ് മരുഭൂമിയിൽത്തന്നെയാണ്. സംഖ്യയുടെ പുസ്തകാരംഭത്തിലും ഇസ്രായേൽജനം സീനായ് മരുഭൂമിയിൽത്തന്നെ ആയിരുന്നു എന്നു വ്യക്തമാക്കുന്നുണ്ട്. ഈജിപ്തിൽനിന്നു പുറപ്പെട്ടതിന്റെ രണ്ടാം വർഷം രണ്ടാംമാസം ഒന്നാം ദിവസമായിരുന്നു അപ്പോൾ (1:1). അവിടെനിന്നു പുറപ്പെടാനുള്ള ഒരുക്കങ്ങളെക്കുറിച്ചാണ് തുടർന്നു ദൈവം മോശയോട് അരുളിച്ചെയ്യുക.

പത്താമധ്യായത്തിൽ ''രണ്ടാംവർഷം രണ്ടാംമാസം ഇരുപതാംദിവസം സാക്ഷ്യകൂടാരത്തിനുമുകളിൽ മേഘം ഉയർന്നു. അപ്പോൾ ഇസ്രായേൽജനം ഗണങ്ങളായി സീനായ് മരുഭൂമിയിൽനിന്നു പുറപ്പെട്ടു'' (വാ. 11–12) എന്നു രേഖപ്പെടുത്തിയിരിക്കുന്നു. അപ്പോൾ കർത്താവ് മോശവഴി അവരെ ഒരുക്കിയതനുസരിച്ച് അവർ മൂന്നു ഗോത്രങ്ങളുള്ള ഓരോ പാളയമായി ക്രമമനുസരിച്ച് പുറപ്പെട്ടു. പതിനൊന്നാം അധ്യായം മുതൽ യാത്രയിലുണ്ടായ വിവിധ സംഭവങ്ങളുടെ വിവരണങ്ങളാണ് കാണുക. ഇരുപത്തൊന്നാം അധ്യായംവരെ ഇതു തുടരുന്നു. ഇരുപത്തിരണ്ടാം അധ്യായം ആദ്യവാക്യമനുസരിച്ച് അവർ ജോർദാന്റെ അക്കരെ ജറീക്കോയുടെ എതിർവശത്തുള്ള മൊവാബുസമതലത്തിൽ പാളയമടിച്ചു. ഈ മൊവാബുസമതലത്തിലായിരിക്കുമ്പോഴുണ്ടാകുന്ന സംഭവവിവരണമാണ് തുടർന്നുള്ള അധ്യായങ്ങളിലും വിവരിക്കുക. സംഖ്യയുടെ പുസ്തകം അവസാനവാക്യത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതിപ്രകാരമാണ്: ''ഇവയാണ് ജെറീക്കോയുടെ എതിർവശത്ത്, ജോർദാനുസമീപം മൊവാബുസമതലത്തിൽ വച്ചു കർത്താവു മോശവഴി ഇസ്രായേൽജനത്തിനു നല്കിയ നിയമങ്ങളും ചട്ടങ്ങളും'' (36:13). ഇവിടെവച്ച് മോശ നിയമം വിശദീകരിച്ചതാണ് നിയമാവർത്തനപ്പുസ്തകത്തിന്റെ ഉള്ളടക്കം എന്ന കാര്യവും ശ്രദ്ധേയമാണ്.
മൂന്നു ഭാഗങ്ങളാണ് സംഖ്യാഗ്രന്ഥത്തിനുള്ളത്:

അധ്യാ. 1–10. ഇസ്രായേൽ സീനായ് മരുഭൂമിയിൽ, യാത്രയ്ക്കുള്ള ഒരുക്കത്തിൽ
അധ്യാ. 11–21. സീനായിൽനിന്നു മൊവാബുസമതലം വരെയുള്ള യാത്ര
അധ്യാ. 22–36. മൊവാബുസമതലത്തിൽ പാളയമടിച്ചശേഷമുള്ള സംഭവങ്ങൾ

ഇവയിൽ ആദ്യ പത്ത് അധ്യായങ്ങളാണ് ലോഗോസ് ക്വിസിനായി ഇത്തവണ നമുക്ക് ഒരുങ്ങാനുള്ളത് എന്നതുകൊണ്ട് ആ ഭാഗത്തിന്റെ വിശദീകരണമാണ് തുടർന്നു കാണുക.

## 2. അധ്യാ. 1–10: സീനായിൽനിന്നു പുറപ്പെടാൻ ഒരുങ്ങുന്ന ഇസ്രായേൽജനം

അധ്യാ 1–2: കർത്താവിന്റെ കല്പനയനുസരിച്ച് യുദ്ധശേഷിയുള്ള പുരുഷന്മാരുടെ കണക്കെടുക്കുന്നു, ഗോത്രങ്ങളെ നാലു പാളയങ്ങളായി ക്രമപ്പെടുത്തുന്നു.
അധ്യാ 3–4: ലേവ്യരുടെയും ഇസ്രായേലിലെ ആദ്യജാതരുടെയും കണക്കെടുക്കുന്നു
അധ്യാ 5–6: വീണ്ടും നിയമങ്ങൾ
അധ്യാ 7–9: കൂടാരപ്രതിഷ്ഠയ്ക്കു കാഴ്ചകൾ; ലേവ്യരുടെ സമർപ്പണം; രണ്ടാമത്തെ പെസഹാ
അധ്യാ 10: കാഹളത്തെക്കുറിച്ചുള്ള നിർദ്ദേശം, സീനായിൽനിന്നുള്ള പുറപ്പെടൽ.

മേൽപ്പറഞ്ഞ ഘടനയനുസരിച്ച് 1–10 അധ്യായങ്ങളിലെ പ്രധാന വിവരണങ്ങൾ നാലു തരത്തിലുള്ളതാണ്. ജനസംഖ്യാക്കണക്കെടുപ്പ്, നിയമങ്ങൾ, സമർപ്പണം, സീനായിൽനിന്നുള്ള പുറപ്പെടൽ എന്നിവയാണവ.

### 2.1 ജനസംഖ്യാക്കണക്കെടുപ്പ്

ഈജിപ്തിൽനിന്നു പുറപ്പെട്ടശേഷം ഇസ്രായേൽ പല സ്ഥലങ്ങളിലും പാളയമടിച്ചു എങ്കിലും, അവർ ക്രമീകൃതമായ രീതിയിലല്ല, പാളയമടിച്ചിരുന്നത്. ഈജിപ്തിൽ താമസിച്ചിരുന്ന ഇസ്രായേൽക്കാർക്ക് (മോശയൊഴിച്ച്, മോശ ഫറവോയുടെ കൊട്ടാരത്തിൽ താമസിച്ചു വേണ്ടത്ര വിദ്യ നേടുകയും യാത്രചെയ്യുകയും ചെയ്തിരുന്നു) ഈജിപ്തിനുപുറത്തുള്ള പ്രദേശങ്ങളെപ്പറ്റിയോ രാജ്യങ്ങളെപ്പറ്റിയോ അവിടുത്തെ ജനതകളെക്കുറിച്ചോ വേണ്ടത്ര അറിവുണ്ടായിരുന്നില്ല. മാത്രവുമല്ല, അവർ ഒരു സൈനികശക്തിയായിരുന്നില്ല. അതുകൊണ്ട് ഒരു സൈനികശക്തിയായി രൂപാന്തരപ്പെടുത്തി മുന്നോട്ടു നയിക്കുക എന്നത് കാനാനിലെത്തുന്നതിനും അവിടെ എത്തിയാൽ ആ പ്രദേശം കീഴടക്കുന്നതിനും ആവശ്യമാണെന്നു മോശയ്ക്കറിയാമായിരുന്നു. അതുകൊണ്ട് ദൈവത്തിന്റെ നിർദ്ദേശപ്രകാരം മോശ യുദ്ധശേഷിയുള്ളവരെ ഗണം തിരിച്ച് എണ്ണിത്തിട്ടപ്പെടുത്തുകയാണാദ്യം ചെയ്യുന്നത്. ലേവീഗോത്രത്തെ ഈ ജനസംഖ്യയിൽ ഉൾപ്പെടുത്തിയില്ല. കാരണം, കർത്താവിന്റെ ശുശ്രൂഷയ്ക്കായി പ്രത്യേകം വേർതിരിക്കപ്പെട്ട അവരായിരുന്നു കർത്താവിന്റെ കൂടാരവും വിശുദ്ധവസ്തുക്കളും ഈ യാത്രയിൽ വഹിക്കുകയും അനുദിനശുശ്രൂഷകൾ നിർവഹിക്കുകയും ചെയ്യേണ്ടിയിരുന്നത് (1:47–54). കർത്താവിന്റെ ശുശ്രൂഷയ്ക്കായുള്ള ലേവ്യരെ പ്രത്യേകം എണ്ണി. ഇതുകൂടാതെ ഒരുമാസവും അതിനുമേലും പ്രായമുള്ള ലേവ്യപുരുഷന്മാരെയും ഇസ്രായേലിലെ

ആദ്യജാതരെയും എണ്ണിത്തിപ്പെടുത്തി. ആദ്യജാതർക്കുപകരം ലേവ്യരെ മാറ്റി നിർത്തി. കൂടുതലുണ്ടായിരുന്ന ആദ്യജാതർക്ക് വീണ്ടെടുപ്പുവില നിശ്ചയിച്ചു. അങ്ങനെ നാലു വിധത്തിലുള്ള ജനസംഖ്യാ കണക്കെടുപ്പു നടക്കുന്നതായി ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്.

## ഗോത്രത്തലവന്മാരും ജനസംഖ്യയും

| | ഗോത്രം | ഗോത്രത്തലവൻ | ജനസംഖ്യ |
|---|---|---|---|
| **യൂദാ പാളയം** (കിഴക്ക്) | യൂദാ | അമിനാദാബിന്റെ പുത്രൻ നഹ്ഷോൻ | എഴുപത്തിനാലായിരത്തിഅറുനൂറ് |
| | ഇസാക്കർ | സൂവാറിന്റെ പുത്രൻ നെത്താനേൽ | അമ്പത്തിനാലായിരത്തി നാനൂറ് |
| | സെബുലൂൺ | ഹേലോനിന്റെ പുത്രൻ ഏലിയാബ് | അമ്പത്തേഴായിരത്തി നാനൂറ് |
| **റൂബൻ പാളയം** (തെക്ക്) | റൂബൻ | ഷെദയൂറിന്റെ പുത്രൻ എലിസൂർ | നാൽപ്പത്താറായിരത്തി അഞ്ഞൂറ് |
| | ശിമയോൻ | സുരിഷദായിയുടെ പുത്രൻ ഷെലൂമിയേൽ | അമ്പത്തൊമ്പതിനായിരത്തി മുന്നൂറ് |
| | ഗാദ് | ഉവുവേലിന്റെ പുത്രൻ എലിയാസാഫ് | നാൽപ്പത്തയ്യായിരത്തിഅറുനൂറ്റമ്പത് |
| **എഫ്രായിം പാളയം** (പടിഞ്ഞാറ്) | എഫ്രായിം | അമ്മിഹൂദിന്റെ പുത്രൻ എലിഷാമാ | നാല്പതിനായിരത്തി അഞ്ഞൂറ് |
| | മനാസ്സെ | പെദഹ്സൂറിന്റെ പുത്രൻ ഗമാലിയേൽ | മുപ്പത്തീരായിരത്തി ഇരുനൂറ് |
| | ബെഞ്ചമിൻ | ഗിദയോനിന്റെ പുത്രൻ അബിദാൻ | മുപ്പത്തയ്യായിരത്തി നാനൂറ് |
| **ദാൻ പാളയം** (വടക്ക്) | ദാൻ | അമ്മിഷദ്ദായിയുടെ പുത്രൻ അഹിയേസർ | അറുപത്തീരായിരത്തി എഴുനൂറ് |
| | ആഷേർ | ഒക്രാന്റെ പുത്രൻ പഗിയേൻ | നാൽപ്പത്തോരായിരത്തി അഞ്ഞൂറ് |
| | നഫ്താലി | ഏതാനിന്റെ പുത്രൻ അഹിറാ | അമ്പത്തിമൂവായിരത്തി നാനൂറ് |

**എ) യുദ്ധശേഷിയുള്ളവരുടെ എണ്ണം**

ഒന്നാം അധ്യായത്തിലാണ് ഇവരെ എണ്ണിത്തിട്ടപ്പെടുത്തുന്നതിന്റെ വിവരണമുള്ളത്. ഗോത്രവും കുടുംബവും തിരിച്ച് ഇരുപതും അതിനുമേലും വയസ്സും യുദ്ധം ചെയ്യാൻ കഴിവുള്ളവരുമായ പുരുഷന്മാരുടെ എണ്ണമാണ് ഇവിടെ കണക്കാക്കിയത്. ആരൊക്കെയാണ് ഈ കണക്കെടുപ്പിനു നേതൃത്വം നല്കേണ്ടതെന്നും അവരെ സഹായിക്കാൻ ഓരോ ഗോത്രത്തിൽനിന്നു സഹായിയായി വരേണ്ട തലവന്മാരാരൊക്കെയാണെന്നും പ്രത്യേകം നിഷ്കർഷിക്കുന്നുണ്ട്. ലേവീഗോത്രത്തെ ഈ ജനസംഖ്യാക്കണക്കെടുപ്പിൽ ഉൾപ്പെടുത്തിയില്ല. അവരെക്കൂടാതെയുള്ള പന്ത്രണ്ടു ഗോത്രങ്ങളിലെ ആകെ യുദ്ധശേഷിയുള്ള ഇരുപതും അതിനുമേലും പ്രായമുള്ള പുരുഷന്മാർ ആകെ ആറുലക്ഷത്തിമൂവായിരത്തഞ്ഞൂറ്റമ്പത് ആയിരുന്നു (1:45–46).

**ബി) ഒരു മാസവും അതിനുമേലും പ്രായമുള്ള ലേവീപുത്രന്മാരുടെ എണ്ണം**

ഇസ്രായേലിലെ ആദ്യജാതർക്കുപകരം ലേവീപുത്രന്മാരെ മാറ്റിനിർത്തേണ്ടതിനാണ് ഒരുമാസവും അതിനുമേലും പ്രായമുള്ള ലേവീപുത്രന്മാരുടെ എണ്ണമെടുക്കുന്നതിനു കർത്താവു നിർദ്ദേശിക്കുന്നത് (3:12–13; 41)). ''കർത്താവു കല്പിച്ചതനുസരിച്ച് മോശയും അഹറോനുംകൂടി ഒരു മാസവും അതിനുമേലും പ്രായമുള്ള ലേവ്യരുടെ എണ്ണമെടുത്തപ്പോൾ സംഖ്യ ഇരുപത്തീരായിരമായിരുന്നു'' (3:39)

**സി) ഒരുമാസവും അതിനുമേലും പ്രായമുള്ള ആദ്യജാതരുടെ എണ്ണം**

ഇസ്രായേലിലെ ആദ്യജാതരെല്ലാം കർത്താവിനുള്ളതാണ്. പുറപ്പാടുഗ്രന്ഥം പതിമൂന്നാമധ്യായത്തിൽ ഇതിനു വിശദീകരണം നല്കിയിട്ടുണ്ട് (13:2; 11–16). കൂടാതെ സംഖ്യ 3:13–ലും ഇതിന്റെ വിശദീകരണം കാണാവുന്നതാണ്. അവർക്കു പകരം സമർപ്പിക്കേണ്ടതിനാണ് ഒരുമാസവും അതിനുമേലും പ്രായമുള്ള ലേവീപുത്രന്മാരുടെ എണ്ണമെടുത്തത്.

**ഡി) സമാഗമകൂടാരത്തിൽ സേവനം ചെയ്യാൻ ശേഷിയുള്ള ലേവീപുത്രന്മാരുടെ എണ്ണം**

ലേവിയുടെ പുത്രന്മാർ മൂന്നുപേരായിരുന്നു: ഗർഷോൻ, കൊഹാത്ത്, മെറാറി. ലേവിയുടെ മക്കളിൽ കൊഹാത്തിന്റെ ഒരു മകനായ അമ്രാമിന്റെ മകനായ അഹറോനാനും പുത്രന്മാർക്കുമായിരുന്നു പുരോഹിതദൗത്യം ലഭിച്ചത് (പുറ 6:16–23). അവരൊഴിച്ചുള്ള കൊഹാത്യരാണ് അതിവിശുദ്ധ വസ്തുക്കൾ വഹിക്കേണ്ടിയിരുന്നത് (4:15). മറ്റു കുടുംബക്കാർ അതായത്, ഗർഷോന്യരും മെറാര്യരും കൂടാരത്തോടനുബന്ധിച്ചുള്ള ജോലികളാണ് ചെയ്യേണ്ടിയിരുന്നത്. ഇങ്ങനെ ലേവ്യരിൽ അഹറോനും പുത്രന്മാരും ഒഴിച്ചുള്ളവരിൽ സമാഗമകൂടാരത്തിൽ ജോലി ചെയ്യാൻ ശേഷിയുള്ള മുപ്പതുമുതൽ അമ്പതുവയസ്സുവരെയുള്ള ലേവീപുത്രന്മാരുടെ എണ്ണമെടുത്തു അവർക്കുള്ള ജോലിയും നിശ്ചയിച്ചുകൊടുക്കുന്നത് നാലാമധ്യായത്തിൽ വിവരിക്കുന്നു.

ഒരു കണക്കെടുപ്പിലും സ്ത്രീകൾ ഉൾപ്പെടുന്നില്ല. ഇസ്രായേലിലെ കന്നുകാലികളുടെ ആദ്യജാതർക്കുപകരം ലേവ്യരുടെ കന്നുകാലികളെ മാറ്റിനിർത്താൻ കർത്താവു പറയുന്നുണ്ടെങ്കിലും അവയുടെ എണ്ണമെടുത്തതായി ഗ്രന്ഥത്തിലില്ല.

***പാളയങ്ങളുടെ ക്രമീകരണം***


യുദ്ധശേഷിയുള്ളവരുടെ എണ്ണമെടുത്തശേഷം അവർ പാളയമടിക്കേണ്ട ക്രമവും സ്ഥലവും നിശ്ചയിച്ചുകൊടുക്കുന്നതിന്റെ വിവരണമാണ് രണ്ടാമധ്യായത്തിൽ. മൂന്നു ഗോത്രങ്ങൾ വീതം നാലു പാളയങ്ങളായി സമാഗമകൂടാരത്തിനു നാലു വശത്തായിട്ടാണ് ഗോത്രങ്ങളുടെ പതാകകൾക്കുകീഴിലായി പാളയമടിക്കേണ്ടത്. നാലു പാളയങ്ങളുടെ നേതൃഗോത്രങ്ങൾ ക്രമമനുസരിച്ച് ഇവയാണ്: യൂദാ, റൂബൻ, എഫ്രായിം, ദാൻ. അവരുടെ പേരിലാണ് പാളയങ്ങൾ അറിയപ്പെട്ടത്. യാത്ര ചെയ്യുമ്പോഴും ഈ ക്രമം അവർ പാലിച്ചിരുന്നു. രണ്ടു പാളയങ്ങൾ പോയിക്കഴിഞ്ഞതിനുശേഷം ലേവീഗോത്രം സമാഗമകൂടാരവുമായി പോകുകയും മറ്റു രണ്ടുപാളയങ്ങൾ അതിനുപിറകിലായി പോകുകയും ചെയ്യണം. ദൈവത്തിന്റെ പേടകം മധ്യത്തിലായിരിക്കണമെന്നതാണ് കർത്താവിന്റെ കല്പന (2:17).

ലേവീഗോത്രത്തെ സൈനികപാളയത്തിൽ ചേർത്തതില്ല എന്നറിയാമല്ലോ. എന്നിട്ടും പന്ത്രണ്ടു ഗോത്രങ്ങൾ ഉണ്ടായിരുന്നു എന്ന് ഓർമിക്കേണ്ടതുണ്ട്. ജോസഫിന്റെ ഗോത്രം പുത്രന്മാരായ മനാസ്സെ, എഫ്രായിം എന്നീ പുത്രന്മാരുടെ പേരിൽ രണ്ടു ഗോത്രങ്ങൾ ആയതിനാൽ ലേവീഗോത്രം കൂടാതെതന്നെ പന്ത്രണ്ടു ഗോത്രങ്ങൾ ഉണ്ടായിരുന്നു.

തികച്ചും സൈനികമാതൃകയിലാണ് അവർ പാളയമടിച്ചതും, യാത്ര ചെയ്തതും. എങ്കിലും, അവർ പാളയമടിക്കുമ്പോഴും യാത്രചെയ്യുമ്പോഴും ദൈവത്തിനായിരുന്നു കേന്ദ്രസ്ഥാനം. ദൈവശുശ്രൂഷയ്ക്കായി ലേവീ ഗോത്രത്തെ മാറ്റിനിർത്തുകയും ദൈവത്തിന്റെ കൂടാരത്തിന്റെ ചുറ്റിനും, അതായത്, സമാഗമകൂടാരത്തിനും നാലുപാളയങ്ങളുടെ ഇടയ്ക്കുമായി അവർ കൂടാരമടിക്കുകയും ചെയ്തു.

# ഇസ്രായേൽ പാളയങ്ങളുടെ ക്രമീകരണം

സാക്ഷ്യകൂടാരത്തോടു ചേർന്ന് അതിനുചുറ്റും ലേവ്യപാളയങ്ങളും അതിനു ചുറ്റുമായി മൂന്നു ഗോത്രങ്ങളടങ്ങിയ നാലു പാളയങ്ങളുമാണുള്ളത്.




***ചില തെറ്റുകൾ***

ഈ ഭാഗത്തു ചില തെറ്റുകൾ കടന്നുകൂടിയിട്ടുണ്ടെന്ന കാര്യം ശ്രദ്ധിക്കുമല്ലോ. രണ്ടാമധ്യായത്തിൽ റൂബൻ പാളയത്തിലെ സൈന്യങ്ങളുടെ ആകെ എണ്ണം രേഖപ്പെടുത്തിയിരിക്കുന്നത് തെറ്റായിട്ടാണ്. റൂബൻ പാളയത്തിലുള്ളത് റൂബൻ, ശിമയോൻ, ഗാദ് എന്നീ ഗോത്രങ്ങളിലെ സൈന്യങ്ങളാണ്. മൂന്നുഗോത്രങ്ങളിലെ സംഖ്യകൾ കൂട്ടിയാൽ ആകെ ഒരു ലക്ഷത്തിയൻപത്തോരായിരത്തി നാനൂറ്റമ്പതു പേരാണ്. പിഒസി ബൈബിളിന്റെ ആദ്യപതിപ്പുകളിൽ ഇതു ശരിയായിട്ടാണ് കൊടുത്തിരുന്നതെങ്കിലും പിൽക്കാലപതിപ്പുകളിൽ ഒരു ലക്ഷത്തിയെൺപത്തോരായിരത്തി നാനൂറ്റമ്പതുപേർ എന്നാണ് കാണുക. ഇതു തെറ്റാണ് എന്നു പറയേണ്ടതില്ലല്ലോ.

മറ്റൊന്ന്, ഒരുമാസവും അതിനുമേലും പ്രായമുള്ള ലേവീപുത്രന്മാരുടെ ആകെ സംഖ്യയിൽ വന്നിട്ടുള്ള തെറ്റും അതേത്തുടർന്നുള്ള ചില തെറ്റുകളുമാണ് (3:21.–51 വരെയുള്ള ഭാഗം കാണുക). ലേവ്യരിലെ ഗർഷോന്യർ, കൊഹാത്യർ, മെറാര്യർ എന്നിവരുടെ എണ്ണം യഥാക്രമം 7500, 8600, 6200 എന്നിങ്ങനെയാണ് (3:22, 28, 34). ഇവരുടെ ആകെ എണ്ണം, അഥവാ ലേവ്യരുടെ ആകെ എണ്ണം 22300 ആണെങ്കിലും 22000 എന്നാണുള്ളത് (3:39). മൂലഗ്രന്ഥത്തിലുള്ളതു (ഹീബ്രുബൈബിളിൽ)

തിരുത്താനാവാത്തതുകൊണ്ട് തർജമയിലും അതുതന്നെയാണു കൊടുത്തിട്ടുള്ളത്. ഈ തെറ്റിന്റെ തുടർച്ചയായുള്ള തെറ്റുകളാണ് ഇസ്രായേലിന്റെ ആദ്യജാതർക്കുപകരം ലേവ്യരെ മാറ്റിനിർത്തുന്നതിന്റെ കണക്കിലുമുള്ളത്. ആദ്യജാതർ ഇരുപത്തീരായിരത്തിയിരുനൂറ്റിഎഴുപത്തിമൂന്നു പേർ ആണ്. ലേവ്യപുരുഷന്മാരുടെ എണ്ണത്തിലും കുറവാണ് ഇതെന്നുള്ളതുകൊണ്ട് ആദ്യജാതന്മാരെ വീണ്ടെടുക്കേണ്ടതില്ലായിരുന്നു. എന്നാൽ കണക്കിൽ തെറ്റുള്ളതുകൊണ്ട് 273 ആദ്യജാതരെ വീണ്ടെടുക്കുന്നതിനായി മോശ വീണ്ടെടുപ്പുവില ശേഖരിച്ചു.

7:24–ൽ സെബുലൂൺ ഗോത്രത്തിന്റെ നേതാവായ ഏലിയാബിന്റെ പിതാവിന്റെ പേരായി പിഒസി ബൈബിളിൽ കൊടുത്തിരിക്കുന്നത് ബേലോൻ എന്നാണ്. അത് ഹേലോൻ എന്നു തിരുത്തി വായിക്കേണ്ടതാണ് (1:9; 2:7 എന്നിവ നോക്കുക).

മോശയുടെ അമ്മായിയപ്പന്റെ പേര് ജെത്രോ ആണെന്ന് പുറപ്പാട് 3:1–ലും 4:18–ലും കാണുമ്പോൾ അത് റവുവേൽ എന്നാണെന്ന് പുറ 2:18–ലും സംഖ്യ 10:29–ലും കാണുന്നുണ്ട്. ജെത്രോ എന്ന പേര് എലോഹിസ്റ്റിക് പാരമ്പര്യപ്രകാരമുള്ള വിവരണങ്ങളിലാണുള്ളത്. റവുവേൽ എന്നത് സ്ഥാനപ്പേരോ, ഗോത്രനാമമോ ആയിരിക്കാമെന്നും അഭിപ്രായപ്പെടുന്നവരുണ്ട്.

## 2.2 നിയമങ്ങൾ

സംഖ്യയുടെ 5–6 അധ്യായങ്ങളിലാണ് ലേവ്യരുടെ പുസ്തകത്തിലെ ചില നിയമങ്ങളോടു സാമ്യമുള്ള നിയമങ്ങൾ കാണുന്നത്. സാമൂഹികജീവിതക്രമത്തിൽ വിശുദ്ധിക്ക്, അത് ആന്തരികമോ ബാഹ്യമോ ആയിക്കൊള്ളട്ടെ, അതിയായ പ്രാധാന്യമുണ്ട്. ആരോഗ്യപരവും ആരാധനാക്രമപരവുമായ നിയമങ്ങൾ സാമൂഹികജീവിതക്രമത്തിൽ കൂടുതലായി ഓർമപ്പെടുത്തുകയും രേഖപ്പെടുത്തുകയും ചെയ്യുന്നതു കാണാം. ഇസ്രായേൽ മരുഭൂമിയിൽ വസിക്കുകയും യാത്ര ചെയ്യുകയും ചെയ്യുമ്പോൾ ഇവ ശക്തമായ ഒരു ഓർമപ്പെടുത്തലാകുന്നില്ലെങ്കിൽ അവരുടെ തനിമയും ഐക്യവും വളരെവേഗം നഷ്ടപ്പെടുന്നതിനിടയാകുമെന്നതിനാൽ ദൈവം തന്നെ മോശവഴി നിയമങ്ങൾ സീനായ് ഉടമ്പടിയോടു ബന്ധപ്പെടുത്തി പലവിധത്തിലുള്ള നിയമങ്ങൾ നല്കുന്നു. പരിശുദ്ധനായ ദൈവത്തോടുകൂടി യാത്ര ചെയ്യുന്ന ജനം ദൈവത്തിന്റെ വിശുദ്ധിയ്ക്കു യോഗ്യമായ രീതിയിൽ അവരുടെ ശരീരവും മനസ്സും ആത്മാവും ശുദ്ധമായി കാത്തുസൂക്ഷിക്കേണ്ടതിന് നല്കിയ നിയമങ്ങളുടെ തുടർച്ചയാണ് സംഖ്യയുടെ പുസ്തകത്തിൽ നല്കിയിരിക്കുന്ന ദൈവകല്പനകളുടെ പരാമർശങ്ങൾ എന്നുകാണാം. ആദ്യമായിത്തന്നെ ബാഹ്യവിശുദ്ധിക്കു പ്രാധാന്യം കൊടുക്കുന്ന നിയമങ്ങൾ പ്രതിപാദിക്കുന്നു. തുടർന്ന് ആന്തരികവിശുദ്ധിയോടു ബന്ധപ്പെട്ട വ്യഭിചാരത്തെ സംബന്ധിച്ച സ്ത്രീയ്ക്കുള്ള നിയമവും, നാസീർ വ്രതത്തെക്കുറിച്ചുള്ള നിയമവും വിവരിച്ചിരിക്കുന്നു.

### എ) ബാഹ്യശുദ്ധി

മരുഭൂമിയിലൂടെയുള്ള യാത്രയിൽ ആന്തരികമായി മാത്രമല്ല, ബാഹ്യമായുള്ള ശുദ്ധിയും പ്രധാനപ്പെട്ടതാണ് . യാത്രയുമായി നേരിട്ടു ബന്ധമുള്ള നിയമങ്ങളല്ല ഇവയെന്നിരിക്കിലും, മരുഭൂമിയിൽ ആയിരിക്കുന്ന ജനം ബാഹ്യമായ ശുദ്ധിക്കു പ്രാധാന്യം കൊടുക്കുന്നില്ലെങ്കിൽ വളരെവേഗം രോഗാധീനരായിത്തീരാനും അതു പടർന്നുപിടിച്ച് നശിച്ചുപോകാനും ഇടയുണ്ട്. അതുകൊണ്ട് ത്വഗ്രോഗങ്ങൾ പോലുള്ളവ അശുദ്ധമെന്നു പ്രഖ്യാപിച്ചുകൊണ്ട് അങ്ങനെയുള്ളവരെ സുഖപ്പെടുന്നതുവരെ പാളയത്തിനു പുറത്താക്കുന്ന നിയമം നല്കുകയാണ്. അതുപോലെതന്നെ സ്രാവമുള്ളവരും മൃതശരീരം സ്പർശിച്ചവരും കർശനമായും പുറന്തള്ളപ്പെട്ടിരുന്നു. മരുഭൂമിജീവിതത്തോടു ബന്ധപ്പെട്ടുനിന്നിരുന്ന നിയമങ്ങളും കാലാന്തരത്തിൽ നവീകരിക്കപ്പെടാതെ പില്ക്കാലത്തും കർശനമായി തുടർന്നിരുന്നു എന്നു കുഷ്ഠരോഗിയുടെയും (മർക്കോ 1:40) രക്തസ്രാവക്കാരിയുടെയും (മർക്കോ 5:27) വിവരണങ്ങൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്.

### ബി) നഷ്ടപരിഹാരം

ലേവ്യ 6:2–6–ൽ കൊടുത്തിരിക്കുന്ന ഭാഗത്തിന് ഒരു വിശദീകരണമാണ് നഷ്ടപരിഹാരത്തെക്കുറിച്ചുള്ള ഈ നിയമങ്ങൾ എന്നു പറയാം. മോഷണം, വഞ്ചന എന്നീ തിന്മകൾ ചെയ്യുന്നവൻ പരിഹാരം ചെയ്യണമെന്നുള്ള നിയമം കർശനമാക്കുകവഴി ദൈവജനത്തിന്റെ മനഃസ്സാക്ഷിയെ വിശുദ്ധമായി സൂക്ഷിക്കുന്നതിന് ദൈവജനത്തെ സഹായിക്കുന്നു. ദ്രോഹിച്ച വ്യക്തി നഷ്ടപരിഹാരം സ്വീകരിക്കാനില്ലെങ്കിൽ അയാളുടെ ബന്ധുവിനു അതു നല്കണമെന്നും,

ബന്ധുക്കളാരുമില്ലെങ്കിൽ കർത്താവിനു സമർപ്പിക്കണമെന്നുമാണ് നിയമം. അതാകട്ടെ, പുരോഹിതനുള്ളതും. സ്വന്തമായി സമ്പാദിക്കാനനുവാദമില്ലാത്ത, മറ്റു ഗോത്രങ്ങളെപ്പോലെ കാനാൻദേശത്ത് ഓഹരി ലഭിക്കാത്ത ലേവായർക്ക് കർത്താവു നല്കുന്നതാണ് ഉപജീവനത്തിനുള്ളത്.

### സി) പാതിവ്രത്യത്തെ സംബന്ധിച്ച നിയമം

വ്യഭിചാരത്തെ സംബന്ധിച്ചുള്ള നിയമങ്ങൾ പഞ്ചഗ്രന്ഥിയിൽ പലഭാഗങ്ങളിലും പറഞ്ഞിട്ടുണ്ടെങ്കിലും (ലേവ്യ 20:10; നിയമാ 22:13–30) ഭാര്യയുടെ പാതിവ്രത്യത്തെ സംബന്ധിച്ചു ഭർത്താവിനു സംശയം തോന്നിയാൽ അനുഷ്ഠിക്കേണ്ട പ്രത്യേകനിയമമാണ് 5:11–31–ൽ ദീർഘമായി പ്രതിപാദിച്ചിരിക്കുന്നത്. ഭർത്താവ്, അവൾക്കുവേണ്ടി പത്തിലൊന്ന് ഏഫാ ബാർലിമാവോടുകൂടെ, പുരോഹിതന്റെ മുമ്പിൽ അവളെ കൊണ്ടുവരികയും പുരോഹിതൻ കർത്താവിന്റെ സന്നിധിയിൽ വച്ച്, സാക്ഷ്യകൂടാരത്തിന്റെ തറയിലെ പൊടിയും പുസ്തകത്തിലെഴുതിയ ശാപവാക്യം കഴുകിയ ജലവും ചേർത്ത വിശുദ്ധജലം കുടിക്കാനായി നല്കുകയും ചെയ്യുന്നു. അവൾ കുറ്റക്കാരിയെങ്കിൽ, ആ ശാപജലം (കയ്പുനീർ) അവൾക്ക് മഹോദരവും വന്ധ്യത്വവും ഉണ്ടാക്കുന്നു. അവൾ നിഷ്കളങ്കയെങ്കിൽ അവൾക്ക് ഈ ശാപജലം ഉപദ്രവം വരുത്തുകയില്ല.

''പുരുഷൻ അകൃത്യത്തിൽനിന്നു വിമുക്തനായിരിക്കും; സ്ത്രീ തന്റെ അകൃത്യത്തിന്റെ ഫലം അനുഭവിക്കുകയും ചെയ്യും'' (5:31). സ്ത്രീ തെറ്റുകാരിയെങ്കിൽ അവളോടൊത്തു പാപം ചെയ്ത പുരുഷനോ, തെറ്റുകാരിയല്ലെങ്കിൽ അന്യായമായി അവളിൽ കുറ്റമാരോപിച്ച ഭർത്താവോ ഒരിക്കലും ശിക്ഷിക്കപ്പെടുന്നില്ല എന്ന കാര്യം നീതിബോധമുള്ള മനസ്സിന് ഉൾക്കൊള്ളാൻ പ്രയാസമാണ്. ചില പുരാതനസംസ്കാരങ്ങളിൽ സ്ത്രീകളോടു കാണിച്ചിരുന്ന അവഗണനയോടും നീതിനിഷേധത്തോടും താരതമ്യം ചെയ്താൽ ഈ ആചാരം അത്ര കഠിനമെന്നു പറയാനാവില്ല എന്നുമാത്രം.

### ഡി) നാസീർവ്രതത്തെ സംബന്ധിച്ച നിയമം

നാസീർവ്രതത്തെക്കുറിച്ച് സംഖ്യയുടെ ആറാമധ്യായത്തിലാണ് വിവരിക്കുന്നത് (വാ. 1–21). ''മാറ്റിവയ്ക്കുക'', ''സമർപ്പിക്കുക'' എന്നൊക്കെ അർഥമുള്ള ഹീബ്രുവിലെ ''നാസാർ'' എന്ന ക്രിയാധാതുവിൽനിന്നാണ് ''നാസീർ'' എന്ന പദത്തിന്റെ ഉത്ഭവം. ''ദൈവത്തിനായി മാറ്റിവയ്ക്കപ്പെട്ടവൻ'', ''വ്രതസ്ഥൻ'' എന്നൊക്കെ ''നാസീർ'' അർഥമാക്കുന്നു. തങ്ങളെത്തന്നെ ഒരു നിശ്ചിതകാലത്തേയ്ക്ക് ദൈവസേവനത്തിനായി പൂർണമായി സമർപ്പിക്കുന്നതിനുവേണ്ടി വ്രതം ചെയ്യുന്നവനാണ് ''നാസീർ''. സ്ത്രീയ്ക്കും പുരുഷനും ഈ വ്രതം ചെയ്യാമെന്നു രണ്ടാംവാക്യത്തിൽ പറയുന്നുണ്ടെങ്കിലും നാസീർ പുരുഷനാണ് എന്ന സങ്കല്പത്തിലാണ് തുടർന്നുള്ള വിവരണം. അവർ ചില പ്രത്യേക നിയമങ്ങളും ചര്യകളും ഈ കാലഘട്ടത്തിൽ അനുഷ്ഠിക്കേണ്ടതുണ്ട്. മുന്തിരിയും അതിൽനിന്നുള്ളവയും, ശക്തിയുള്ള ലഹരിപാനീയങ്ങളും ഇവർ വർജിക്കണം, മുടി വളർത്തണം, വിശുദ്ധി പാലിക്കണം. വിശുദ്ധി പാലിക്കുന്നതിന്റെ വിശദീകരണമായിരിക്കണം ശവശരീരങ്ങളെ സ്പർശിച്ച് അശുദ്ധമാകരുതെന്നുള്ള നിയമം. അശുദ്ധനായാൽ അയാൾ അത്രകാലം അനുഷ്ഠിച്ച വ്രതം വ്യർഥമാകുന്നതിനാൽ തന്നെ വീണ്ടും പ്രതിഷ്ഠിക്കേണ്ടതുണ്ട്. വ്രതം അവസാനിപ്പിക്കുന്നതിനുള്ള ചില പ്രത്യേക ചടങ്ങുകൾ ഇവിടെ സവിസ്തരം പ്രതിപാദിക്കുന്നുണ്ട് (6:13–21). വ്രതാവസാനം അർപ്പിക്കേണ്ട ബലികൾ ദഹനബലി, പാപപ്പരിഹാരബലി, സമാധാനബലി എന്നിവയും ധാന്യബലി, പാനീയബലി എന്നിവയുമാണ്. 15–ാം വാക്യത്തിൽ പരാമർശിക്കുന്ന ധാന്യബലിയെയായിരിക്കണം 17–ാം വാക്യത്തിലെ ഭോജനബലി സൂചിപ്പിക്കുന്നത്.

ജീവിതകാലം മുഴുവൻ നാസീർവ്രതസ്ഥനായി തുടർന്നവരാണ് സാംസൺ, സാമുവൽ എന്നീ ന്യായാധിപന്മാർ. പുതിയനിയമകാലത്തും നാസീർവ്രതം നിലനിന്നിരുന്നു എന്നു അപ്പസ്തോലന്മാരുടെ നടപടികൾ എടുത്തുകാട്ടുന്നുണ്ട് (അപ്പ 18:18, 21:23–26).

ആറാമധ്യായത്തിൽ നാസീർവ്രതത്തെക്കുറിച്ചു പറഞ്ഞതിനുശേഷം അനുബന്ധമായി പുരോഹിതന്റെ ആശീർവാദത്തെക്കുറിച്ചുകൂടി പറയുന്നുണ്ട്. ഇസ്രായേൽജനത്തെക്കുറിച്ചുള്ള കർത്താവിന്റെ ഹിതമാണ് പുരോഹിതന്റെ അനുഗ്രഹമായി വരുന്നത്. ഇസ്രായേലിനെ അനുഗ്രഹിക്കാനും പരിപാലിക്കാനും അവരിൽ പ്രസാദിക്കാനും അവരോടു കരുണകാണിക്കാനും അവർക്കു സമാധാനം (ഷലോം) ഉണ്ടാകുന്നതിനും വേണ്ടിയാണ് അവരെ തെരഞ്ഞെടുത്തത്. ഈ അനുഗ്രഹം സഫലമാകുമ്പോഴാണ് കർത്താവിന്റെ നാമം അവരിൽ ഉറപ്പിക്കപ്പെടുന്നത്, അഥവാ അവർ കർത്താവിന്റെ സ്വന്തം ജനമായിത്തീരുന്നത്.

### 2.3 കാഴ്ച സമർപ്പണം

ഇസ്രായേൽജനം സീനായ് മലയുടെ താഴ്വരയിൽ ആയിരിക്കുമ്പോൾ സമാഗമകൂടാരം പ്രതിഷ്ഠിച്ചതായി പുറപ്പാടുപുസ്തകത്തിന്റെ അവസാനത്തിൽ വിവരിക്കുന്നുണ്ട്. അതിനുശേഷം ലേവ്യരുടെ പുസ്തകത്തിൽ, ദൈവം നല്കിയ വിവിധനിയമങ്ങൾ പ്രത്യേകിച്ചും സാക്ഷ്യകൂടാരത്തിൽ അർപ്പിക്കേണ്ട ബലികളെക്കുറിച്ചും മറ്റും പറയുന്നു. അതിനുശേഷമുള്ള സംഖ്യയുടെ പുസ്തകത്തിൽ, 7–8 അധ്യായങ്ങളിലായിട്ടാണ് ഗോത്രത്തലവന്മാർ കാഴ്ചകൾ സമർപ്പിക്കുന്നതിനെക്കുറിച്ചും, ലേവ്യരെ ഇസ്രായേലിലെ ആദ്യജാതർക്കുപകരം സമർപ്പിക്കുന്നതിനെക്കുറിച്ചും വിവരിക്കുന്നത്. ഇതിനിടയിൽ നാലു വാക്യങ്ങൾ (8:1–4) അഹറോൻ എപ്രകാരം ദീപം സജ്ജീകരിക്കണം എന്നതിനെക്കുറിച്ചു മോശയ്ക്കു ദൈവം കല്പന കൊടുക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു.

**എ)ഗോത്രത്തലവന്മാരുടെ കാഴ്ചസമർപ്പണം.**

ഗോത്രത്തലവന്മാർ സാക്ഷ്യകൂടാരത്തിലെ ശുശ്രൂഷകൾക്കാവശ്യമായ വസ്തുക്കളും, യാത്രചെയ്യുമ്പോൾ കൂടാരം വഹിക്കുന്നതിനു സഹായകമായവും ആണ് കാഴ്ചകളായി നല്കിയത്. പന്ത്രണ്ടു ഗോത്രത്തലവന്മാരും സമർപ്പിച്ചത് ഒരേ തരത്തിലുള്ളവതന്നെ. ആകെ അവർ സമർപ്പിച്ചത് താഴെപ്പറയുന്നവയാണ്.

1. 6 വണ്ടികളും അവ വലിക്കുന്നതിന് 12 കാളകളും (7:3)
2. 12 വീതം വെള്ളിത്തളികകൾ, വെള്ളിക്കിണ്ണങ്ങൾ (7:85)
3. 12 പൊൻകലശങ്ങൾ (സുഗന്ധദ്രവ്യങ്ങൾ നിറച്ചവ) (7:85, 86)
4. ബലികൾക്കുവേണ്ടിയുള്ള കന്നുകാലികൾ (7:87–88)

–ദഹനബലിക്ക്

12 കാളകൾ, 12 മുട്ടാടുകൾ, 12 ആൺചെമ്മരിയാടുകൾ (ഒരു വയസ്സുള്ളത്)

–പാപപ്പരിഹാരബലിക്ക്

12 ആൺകോലാടുകൾ

–സമാധാനബലിക്ക്

24 കാളകൾ, 60 മുട്ടാടുകൾ, 60 ആൺകോലാടുകൾ, 60 ആൺചെമ്മരിയാടുകൾ (ഒരു വയസ്സുള്ളത്)

ആറു വണ്ടികളും അവ വലിക്കാനുള്ള പന്ത്രണ്ടു കാളകളും ലഭിച്ചത് ഗർഷോന്യർക്കും മെറാര്യർക്കുമാണ്(7:7–8). ഇസ്രായേല്യർ യാത്ര പുറപ്പെടുമ്പോൾ ഗർഷോന്യരുടെ ദൗത്യം കൂടാരത്തിന്റെ വിരികളും അവിടെ ശുശ്രൂഷ ചെയ്യാനുള്ള ഉപകരണളും മറ്റും ചുമക്കുക എന്നതും (4:24–26) മെറാര്യരുടെ ദൗത്യം കൂടാരത്തിന്റെ ചട്ടങ്ങളും തൂണുകളും മറ്റും ചുമക്കുക എന്നതും (4:31–32) ആയിരുന്നു. ഭാരമേറിയ വസ്തുക്കൾ വഹിക്കേണ്ട ഇവർക്ക് യഥാക്രമം രണ്ടും നാലും വീതം വണ്ടികൾ കൊടുത്തു. കൊഹാത്യർക്ക് ഒന്നും കൊടുത്തില്ല. കാരണം, വിശുദ്ധവസ്തുക്കൾ ചുമലിൽ വഹിച്ചുകൊണ്ടായിരുന്നു അവർ യാത്ര ചെയ്യേണ്ടിയിരുന്നത് (7:9).

**ബി) ലേവ്യരുടെ സമർപ്പണം:**

ഇസ്രായേൽജനത്തിന്റെ നീരാജനമായി അഹറോൻ ലേവ്യരെ കർത്താവിനു സമർപ്പിക്കുന്നു (8:11). ഈ സമർപ്പണത്തിനു മൂന്നുഭാഗങ്ങളുണ്ട്:

1. ജനങ്ങളുടെ ഇടയിൽനിന്നു വേർതിരിക്കൽ
2. ശുദ്ധീകരണം
3. സമർപ്പണം

ആദ്യമായി ലേവ്യരെ ഇസ്രായേൽജനത്തിൽനിന്നു വേർതിരിക്കാനാണ് കർത്താവ് മോശയോട് അരുളിച്ചെയ്യുന്നത് (8:5). അതിനുശേഷം അവരെ ശുദ്ധീകരിക്കുന്നതിനു കല്പിക്കുന്നു. അഹറോൻ പാപപ്പരിഹാരജലം തളിക്കണം. ശരീരം മുഴുവൻ ക്ഷൗരം ചെയ്ത് വസ്ത്രങ്ങൾ അലക്കി അവർ തങ്ങളെത്തന്നെ ശുദ്ധീകരിക്കണം. ഈ ശുദ്ധീകരണത്തിനുശേഷം അവരെ സമർപ്പിക്കുന്ന ചടങ്ങിൽ ഇസ്രായേൽജനം അവരുടെ തലയിൽ കൈവയ്ക്കുകയും അഹറോൻ അവർക്കുവേണ്ടി ബലിയർപ്പിക്കുകയും ചെയ്തു. അതിനുശേഷം സമാഗമകൂടാരത്തിലെ ശുശ്രൂഷയിൽ അഹറോനെയും പുത്രന്മാരെയും സഹായിക്കാൻ ലേവ്യർ അകത്തു പ്രവേശിച്ചു (8:22).

ലേവ്യരെക്കുറിച്ച് ''തെരഞ്ഞെടുക്കപ്പെട്ടവർ'', ''വേർതിരിക്കപ്പെട്ടവർ'', ''എന്റേത്'' എന്നിങ്ങനെ പല വിശേഷണങ്ങൾ ഈ ഭാഗത്ത് ആവർത്തിക്കുന്നതു കാണാം. ജനത്തിനുവേണ്ടി ജനത്തിൽനിന്നു ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവരാണ് അവർ. അതുകൊണ്ട് ജനത്തിന്റെ മുമ്പിൽ ദൈവികവിശുദ്ധിക്ക് സാക്ഷ്യം വഹിക്കാനും അവർക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കാനും തെരഞ്ഞെടുക്കപ്പെട്ടവർ കടപ്പെടുന്നു. ദൈവികശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെടുന്ന ലേവ്യർ, 25–50 വയസ്സിനിടയിലുള്ളവരാണ് എന്നു സംഖ്യ 8:24–25 പറയുമ്പോൾ അതിൽനിന്നും വ്യത്യസ്തമായ പ്രായപരിധി പലയിടത്തും കാണുന്നു (ഉദാ. സംഖ്യ 4:35; 1 ദിന 23:24; 2 ദിന 31:17). വ്യത്യസ്ത കാലഘട്ടങ്ങളിൽ പ്രായപരിധിയിൽ വന്ന വ്യത്യാസങ്ങളോ പല പാരമ്പര്യങ്ങൾ കൂട്ടിച്ചേർത്തപ്പോൾ വന്ന വ്യത്യാസങ്ങളോ ആകാം ഇതിനു കാരണം.

## 2.4 സീനായിൽനിന്നുള്ള പുറപ്പെടൽ

ഈജിപ്തിൽ നിന്നു പുറപ്പെടുന്നതിനുമുമ്പുള്ള ആദ്യത്തെ പെസഹായുടെ ഓർമയിൽ നിശ്ചിതസമയത്തുതന്നെ രണ്ടാംവർഷത്തെ പെസഹാ ആചരിക്കണമെന്നു കർത്താവു മോശയോടു കല്പിച്ചു (9:1ളള). അങ്ങനെ സീനായിൽ നിന്നു പുറപ്പെടാനുള്ള ഏറ്റവും അടുത്ത ഒരുക്കമായി അവർ പെസഹാ ആചരിക്കുന്നു. ശവശരീരങ്ങൾ സ്പർശിച്ച് അശുദ്ധമാവുകയോ ദൂരയാത്രയിലായിരിക്കുകയോ ചെയ്താലും അവർ കർത്താവിനു പെസഹാ ആചരിക്കണമെന്നു കല്പിച്ച കർത്താവ്, ആരെങ്കിലും മനപ്പൂർവം പെസഹാ ആചരിക്കുന്നതിൽ നിന്നു ഒഴിഞ്ഞുമാറുന്നെങ്കിൽ അവൻ സ്വജനത്തിൽ നിന്നു വിച്ഛേദിക്കപ്പെടണം എന്നുകൂടി കൂട്ടിച്ചേർക്കുന്നത്, പെസഹാ ആചരണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നുണ്ട്. ഇസ്രായേൽക്കാരുടെ ഇടയിൽ പാർക്കുന്ന പരദേശിക്കുപോലും നിയമങ്ങളും വിധികളും അനുസരിച്ച് പെസഹാ ആചരിക്കാവുന്നതാണ് എന്നത്, പരദേശിയെയും തന്റെ ജനത്തിന്റെ ഭാഗമാക്കുന്നതിനുള്ള ദൈവികപദ്ധതിയെ വെളിവാക്കുന്നു.

### എ) യാത്ര തുടങ്ങുന്നതിനുള്ള അടയാളം

സമാഗമകൂടാരം പ്രതിഷ്ഠിച്ചുകഴിഞ്ഞപ്പോൾ അതിനെ ആവരണംചെയ്ത ''ഒരു മേഘത്തെ''ക്കുറിച്ച് പുറപ്പാടിന്റെ അവസാനഭാഗത്തു വിവരിക്കുന്നുണ്ട് (40:34–38). സീനായ് മലയെ ആവരണം ചെയ്ത മേഘം (പുറ 24:15–16) കൂടാരത്തിൽ ദൈവത്തിന്റെ മഹത്വമായി നിറഞ്ഞു (പുറ 40:34) എന്ന കാര്യം, സീനായ് മലയിലെ കർത്താവിന്റെ സാന്നിധ്യം കൂടാരത്തിൽ ദൈവം നല്കിയെന്നും കൂടാരത്തോടൊപ്പം ഇസ്രായേൽ യാത്ര ചെയ്യുമ്പോഴെല്ലാം ഈ സാന്നിധ്യമുണ്ടായിരിക്കുമെന്നും ഇസ്രായേൽ ജനത്തിനുണ്ടായിരുന്ന ബോധ്യത്തെ വ്യക്തമാക്കുന്നുണ്ട്. എപ്പോൾ യാത്ര ചെയ്യണമെന്നും എപ്പോൾ, എവിടെ പാളയമടിക്കണമെന്നും കർത്താവ് ആഗ്രഹിക്കുന്നുവെന്നതിന്റെ അടയാളമായി മേഘത്തെ അവർ കണ്ടു. മേഘം ഉയരുമ്പോൾ അവർ യാത്ര തുടർന്നു, മേഘം നിൽക്കുന്നിടത്ത് അവർ പാളയമടിച്ചു. ഈ അടയാളത്തെക്കുറിച്ചുള്ള വിവരണത്തിനുശേഷം, യാത്രാനിർദ്ദേശങ്ങൾക്ക് അവിഭാജ്യഘടകമായ കാഹളം ഉണ്ടാക്കുന്നതിനെക്കുറിച്ചും അതിന്റെ ഉപയോഗത്തെക്കുറിച്ചും പറയുന്നു. അതിനുശേഷമാണ് മേഘം ഉയരുന്നതിനെക്കുറിച്ചും യാത്ര തുടങ്ങുന്നതിനെക്കുറിച്ചും പറയുക. അങ്ങനെ 10:11 മുതൽ യാത്ര തുടങ്ങുന്നതിനെക്കുറിച്ച് വിവരിക്കുന്നു. ''മോശവഴി കർത്താവു നല്കിയ കല്പനയനുസരിച്ച് അവർ യാത്ര പുറപ്പെട്ടു'' (10:13). 2, 4 അധ്യായങ്ങളിൽ വിവരിച്ചിരിക്കുന്ന നിർദ്ദേശങ്ങളനുസരിച്ചാണ് അവർ യാത്ര തിരിച്ചത്. കൊഹാത്യർക്കുമുമ്പേ ഗെർഷോൻ, മെറാറി കുലങ്ങൾ കൂടാരസാമഗ്രികളും വഹിച്ചുകൊണ്ട് ആദ്യമേ നീങ്ങിയത്, പാളയമടിക്കുമ്പോൾ സാക്ഷ്യപേടകവും ബലിപീഠവും മറ്റും പ്രതിഷ്ഠിക്കാൻ ആദ്യമേ കൂടാരം തയ്യാറാക്കേണ്ടതുള്ളതുകൊണ്ടാണ്. പാളയങ്ങൾ പുറപ്പെട്ടതെങ്ങനെയെന്നു വിവരിച്ചശേഷം മോശ തങ്ങൾക്കു മാർഗദർശിയായി വരാൻ ഹോബാബിനെ നിർബന്ധിക്കുന്ന കാര്യമാണു കാണുക. ഹോബാബ് അതിനു വഴങ്ങിയോ എന്നു രേഖപ്പെടുത്തിയിട്ടില്ലെങ്കിലും, ഹോബാബ് അവരുടെകൂടെ പുറപ്പെട്ടു എന്നാണ് ന്യായാ 1:16–ൽനിന്നു മനസ്സിലാകുന്നത്. വാഗ്ദാനപേടകത്തിലെ കർത്താവിന്റെ സാന്നിധ്യത്തിനു ജനത്തിന്റെമേലുള്ള കരുതലും, പേടകം പുറപ്പെടുമ്പോഴും പേടകം നിശ്ചലമാകുമ്പോഴും ഉള്ള മോശയുടെ പ്രാർഥനയുമാണ് പത്താം അധ്യായത്തിന്റെ അവസാനത്തിലുള്ളത്.

# സുഭാഷിതങ്ങൾ

## (1–9 അധ്യായങ്ങൾ)

### 1. സുഭാഷിതങ്ങളുടെ പുസ്തകം

കത്തോലിക്കാബൈബിളിലെ ഇരുപത്തിനാലാമത്തെ പുസ്തകമായ സുഭാഷിതങ്ങൾ, പ്രബോധനപരമായ ഏഴു ഗ്രന്ഥങ്ങളിൽ മൂന്നാമത്തേതാണ്. വിജ്ഞാനസാഹിത്യത്തിൽപ്പെടുന്ന ഈ ഗ്രന്ഥം അനുദിനജീവിതത്തെ ഉൽകൃഷ്ടമാക്കുന്നതിനാവശ്യമായ അറിവും ഉപദേശനിർദ്ദേശങ്ങളും പകരുന്ന വിജ്ഞാനോക്തികളുടെ സമാഹാരമാണ് എന്നു പൊതുവെ പറയാവുന്നതാണ്. പഴഞ്ചൊല്ലുകളും വിവിധതരത്തിലുള്ള ഉപദേശനിർദ്ദേശങ്ങളും വായനയ്ക്ക് ഇമ്പകരമായും കാവ്യാനുഭൂതി പകരുന്ന രീതിയിലും അവതരിപ്പിച്ചിരിക്കുന്ന ഈ ഗ്രന്ഥം വിശ്വാസികളുടെ ഇടയിൽ മാത്രമല്ല, അവിശ്വാസികളുടെ ഇടയിലും സ്വീകാര്യത നേടിയിട്ടുണ്ട് എന്നു പറയുന്നതിൽ തെറ്റില്ല. പുതിയനിയമഗ്രന്ഥങ്ങൾ ഈ ഗ്രന്ഥത്തിൽനിന്നും ഉദ്ധരണികൾ സ്വീകരിച്ചിട്ടുണ്ട് എന്നത് ഈ ഗ്രന്ഥത്തിനു എല്ലാക്കാലത്തും ലഭിച്ചിട്ടുള്ള അംഗീകാരത്തിനു തെളിവാണ്.

#### 1.1 പുസ്തകത്തിന്റെ പേര്

പുസ്തകത്തിന്റെ ഹീബ്രുശീർഷകം മിഷ്‌ലേ ഷ്‌ലോമോ (mishlei shlomo, സോളമന്റെ സൂക്തങ്ങൾ) എന്നാണ്. ഗ്രീക്കുവിവർത്തനമായ സപ്തതിയിൽ പരോയിമിയൈ (paroimiai, ഉപമ, സൂക്തം) എന്നും ലത്തീൻവിവർത്തനമായ വുൾഗാത്തയിൽ പ്രൊവെർബിയ (proverbia) എന്നുമാണ് ഈ ഗ്രന്ഥത്തിനു ശീർഷകമായി നല്കിയിരിക്കുന്നത്. ലത്തീനിലെ പ്രൊവെർബിയ എന്ന പദത്തിൽ നിന്നാണ് ഇംഗ്ലീഷിലെ പ്രൊവെർബ്സ് (Proverbs) എന്ന ശീർഷകം നിഷ്പക്ഷമായിരിക്കുന്നത്. മലയാളത്തിൽ നല്കിയിരിക്കുന്ന സുഭാഷിതങ്ങൾ എന്ന പേര് മൂലഭാഷയിലെ ശീർഷകങ്ങളുടെ അർഥഭംഗി കൈമോശം വരാത്ത മനോഹരശീർഷകം തന്നെ.

#### 1.2 സുഭാഷിതഗ്രന്ഥത്തിന്റെ രചനയും അതിന്റെ കാലഘട്ടവും

പലവിധത്തിലുള്ള ചൊല്ലുകളിലൂടെയും സൂക്തങ്ങളിലൂടെയും പ്രബോധനം നല്കുന്ന രീതി വളരെ പുരാതനമാണ്. പുരാതനകാലത്തെ അവികസിതവും ലളിതവുമായ ഈ പ്രബോധനരീതി, പ്രത്യേകിച്ചും എഴുത്തും വായനയും അറിയില്ലാത്തവരുടെയിടയിൽ, ഗ്രന്ഥങ്ങളോ മറ്റു ശാസ്ത്രീയബോധനരീതികളോ ഇല്ലാതിരുന്നകാലത്ത്, ഓർമയിൽ സൂക്ഷിക്കാനും തലമുറകൾക്കു കൈമാറാനും പര്യാപ്തമായിരുന്നു. ഇസ്രായേലിലെ ജ്ഞാനികളും ഈ രീതിയിൽ പ്രബോധനോദ്ദേശ്യത്തോടുകൂടി ഹ്രസ്വവും അർഥപൂർണങ്ങളുമായ ചൊല്ലുകൾ രൂപപ്പെടുത്തുകയും രേഖപ്പെടുത്തി സൂക്ഷിച്ചുവയ്ക്കുകയും ചെയ്തു എന്നതിനുദാഹരണങ്ങൾ വി. ഗ്രന്ഥത്തിലുടനീളം കാണാം. അവ ഗ്രന്ഥങ്ങളായി ക്രോഡീകരിച്ചതിനുദാഹരണങ്ങളാണ് സുഭാഷിതങ്ങളും, ഒപ്പം വിജ്ഞാനസാഹിത്യപരമായ ജോബ്, സഭാപ്രസംഗകൻ, ജ്ഞാനം, പ്രഭാഷകൻ എന്നീ ഗ്രന്ഥങ്ങളും.

പഞ്ചഗ്രന്ഥിയുടെ കർതൃത്വം മോശയിലും സങ്കീർത്തനകർതൃത്വം ദാവീദിലും ആരോപിക്കുന്നതുപോലെ, സുഭാഷിതകർതൃത്വം സോളമനിൽ ആരോപിക്കുന്ന ശൈലിയാണ് പരമ്പരാഗതമായി കണ്ടുവരുന്നുത്. ഈ ഗ്രന്ഥത്തിൽത്തന്നെ മൂന്നുപ്രാവശ്യം ഇക്കാര്യം ആവർത്തിച്ചു പ്രഖ്യാപിക്കുന്നുണ്ട്. എന്നാൽ, ആഗൂർ (30:1), ലെമുവേൽ (31:1) എന്നീ മറ്റു രണ്ടു രചയിതാക്കളുടെ പേരുകൾകൂടി ഈ പുസ്തകത്തിൽ കാണാം. ചില പ്രത്യേക ഭാഗങ്ങൾ ആരുടെയും പേരിലല്ലാതെയും കാണപ്പെടുന്നുണ്ട്.

ഗ്രന്ഥത്തിൽ കാണപ്പെടുന്ന വിവിധ സമാഹാരങ്ങളും അവയുടെ ശീർഷകങ്ങളും താഴെക്കൊടുത്തിരിക്കുന്ന പ്രകാരമാണ് ഇന്നുള്ളത്.

1. 1:1 – 9:18 – ദാവീദിന്റെ മകനും ഇസ്രായേൽ രാജാവുമായ സോളമന്റെ സുഭാഷിതങ്ങൾ
2. 10:1 – 22:16 – സോളമന്റെ സുഭാഷിതങ്ങൾ

3. 22:17 – 24:22 – ജ്ഞാനികളുടെ ആപ്തവാക്യങ്ങൾ

4. 24:23 – 34 – ഇനിപ്പറയുന്നവയും ജ്ഞാനികളുടെ സൂക്തങ്ങളാണ്

5. 25:1 – 29:27 – യൂദാരാജാവായ ഹെസക്കിയായുടെ ആളുകൾ പകർത്തിവച്ച സോളമന്റെ സൂഭാഷിതങ്ങളാണ് താഴെപ്പറയുന്നവയും

6. 30:1 – 34 – മാസ്സായിലെ യാക്കേയുടെ മകനായ ആഗൂറിന്റെ വാക്കുകൾ

7. 31:1 – 31 – മാസ്സാരാജാവായ ലെമുവേലിന്റെ സൂക്തങ്ങൾ

മേൽപ്പറഞ്ഞ സമാഹാരങ്ങൾക്കുള്ളിൽത്തന്നെ ശൈലിയും ഉള്ളടക്കവും നോക്കുമ്പോൾ ചെറിയ സമാഹാരങ്ങൾ ഉണ്ടെന്നു കാണാം. അതുകൊണ്ട് പല വ്യക്തികൾ സമാഹരിച്ച സൂക്തങ്ങൾ ഒരുമിച്ചുചേർത്തതാണ് ഈ ഗ്രന്ഥമെന്നേ പറയാൻ കഴിയൂ. ഗ്രന്ഥത്തിനു പൊതുവായ ഒരു ഗ്രന്ഥകർത്താവിനെയോ രചനാകാലഘട്ടത്തെയോ കണ്ടെത്തുക സാധ്യമല്ല. കാരണം സമാഹാരങ്ങൾതന്നെ വാമൊഴിയായും വരമൊഴിയായും വളരെ നേരത്തെതന്നെ ഉണ്ടായിരുന്നവയായിരിക്കണം. വിജ്ഞാനോക്തികളും പഴഞ്ചൊല്ലുകളും മറ്റും അതിപുരാതനകാലംതന്നെ എല്ലാ സംസ്ക്കാരങ്ങളിലുമുണ്ടായിരുന്നു. ഇസ്രായേലിനെ സംബന്ധിച്ചിടത്തോളം അയൽരാജ്യങ്ങളുമായി ഉണ്ടായിരുന്ന സഹവാസവും, പ്രത്യേകിച്ചും മെസൊപ്പൊട്ടേമിയൻ, ഈജിപ്ഷ്യൻ മുതലായ സംസ്ക്കാരങ്ങളുമായി അവർക്കുണ്ടായിരുന്ന ബന്ധങ്ങളും അവരുടെ ചൊല്ലുകളും സൂക്തങ്ങളും സ്വീകരിക്കുന്നതിനിടയാക്കിയിരുന്നു എന്നതിനു സംശയമില്ല. ബി.സി. 1000 നിലവിലുണ്ടായിരുന്നതെന്നു കരുതപ്പെടുന്ന *അമെൻ–എം–ഓപ്പെ* എന്ന ഈജിപ്ഷ്യൻ കൃതിയുമായി മൂന്നാമത്തെയും നാലാമത്തെയും (അതായത്, 22:17 മുതൽ 24:34 വരെയുള്ള ഭാഗം) സമാഹാരങ്ങൾക്കുള്ള സാമ്യം എടുത്തുപറയത്തക്കതാണ്. ഇസ്രായേല്യരുടെയിടയിൽത്തന്നെ ഉണ്ടായിരുന്ന ജ്ഞാനികൾ (ഹക്കമീം) പകർന്നുനല്കിയവയോ, ഇതരഗ്രന്ഥങ്ങളിൽനിന്നും ജ്ഞാനികളിൽനിന്നും സ്വീകരിച്ചവയോ, സമാഹരിച്ചവയോ നിലവിലുണ്ടായിരുന്നു എന്നതും തള്ളിക്കളയാനാവില്ല. കടങ്കഥകളായും രൂപകപ്രസ്താവനകളായും ഉപദേശശകലങ്ങളായുമൊക്കെ കാലഘട്ടങ്ങളിലൂടെ കൈമാറിവന്നവ ഇതിൽ സമാഹരിക്കപ്പെട്ടിട്ടുണ്ട്.

ഗ്രന്ഥം രചിക്കപ്പെട്ട കാലത്തെക്കുറിച്ചുള്ള പരിചിന്തനത്തിൽ ഇതിലെ വിവിധ ഭാഗങ്ങൾ രചിക്കപ്പെട്ടതെന്നാണെന്നും അവ ക്രോഡീകരിക്കപ്പെട്ടതെന്നാണെന്നും വിവേചിക്കേണ്ടതുണ്ട്. രചനയിൽ സോളമന്റെ പങ്ക് തള്ളിക്കളയാനാവാത്തതിനാൽ സോളമന്റേതെന്ന ശീർഷകങ്ങളുള്ള ഭാഗങ്ങൾ കുറച്ചെങ്കിലും അദ്ദേഹത്തിന്റെ കാലത്ത് ബി.സി. പത്താം നൂറ്റാണ്ടിൽ രചിക്കപ്പെട്ടുകാണണം. മറ്റു ചില പുരാതനസൂക്തങ്ങളും മറ്റും സമാഹരിക്കുന്നതിനും ഇക്കാലത്ത് ശ്രദ്ധ ചെലുത്തിയിട്ടുണ്ട് എന്നു ന്യായമായും കരുതാവുന്നതാണ്. അഞ്ചാം സമാഹാരത്തിന്റെ ശീർഷകത്തിലുള്ള സൂചനയനുസരിച്ച്, അത് ബിസി ഏഴാം നൂറ്റാണ്ടിലാണെന്നും മനസ്സിലാക്കാം. പിന്നീടുണ്ടായവയും സമാഹരിക്കപ്പെട്ടവയും എല്ലാം കൂടി പുസ്തകരൂപത്തിലാക്കിയത് ബാബിലോൺപ്രവാസകാലത്തിനുശേഷം ആണെന്ന കാര്യത്തിൽ പണ്ഡിതർ ഏകാഭിപ്രായക്കാരാണ്. ഇതിൽ ആദ്യസമാഹാരമായ സോളമന്റെ സുഭാഷിതങ്ങൾ (1–9 അധ്യായങ്ങൾ) ആമുഖമായി കൂട്ടിച്ചേർത്തതായതിനാൽ പില്ക്കാല രചനയാണെന്നു കരുതുന്നവരുണ്ട്. ബാക്കിയുള്ളവ വ്യത്യസ്ത കാലഘട്ടങ്ങളിൽ വ്യത്യസ്തസ്ഥലങ്ങളിൽ വച്ച് രചിക്കപ്പെട്ടവയോ സമാഹരിക്കപ്പെട്ടവയോ ആണെന്നു മാത്രം പറയുന്നതിനേ നിർവാഹമുള്ളു.

### 1.3 ഘടനയും ഉള്ളടക്കവും

ഈ പുസ്തകത്തിന്റെ മൂലകൃതി (ഹീബ്രു) സപ്തതി (ഗ്രീക്ക്) വിവർത്തനത്തേക്കാൾ ചെറുതാണ്. ഗ്രീക്കുവിവർത്തനത്തിൽ പല ഭാഗങ്ങളും കൂട്ടിച്ചേർത്തതായിട്ടാണു കാണുന്നത്. പിഒസി ബൈബിൾ ഹീബ്രുമൂലമാണ് അടിസ്ഥാനമാക്കിയിരിക്കുന്നത് എന്നറിയാമല്ലോ. ഉള്ളടക്കമനുസരിച്ച് ഈ ഗന്ഥത്തെ വിഭജിച്ചാൽ തുടർച്ചയായും കൃത്യമായുമുള്ള വിഭജനം സാധ്യമല്ലാത്തതിനാൽ സമാഹാരങ്ങളുടെ (രചയിതാക്കളുടെ പേരിലുള്ള) ക്രമമനുസരിച്ചുള്ള ഘടനയാണ് പഠനത്തിനായി

നാം സ്വീകരിച്ചിരിക്കുന്നത്. ഗ്രന്ഥരചനയെക്കുറിച്ചുള്ള ഭാഗത്തു നല്കിയിട്ടുള്ള ശീർഷകമനുസരിച്ചുള്ള ഏഴുഭാഗങ്ങളെ ഒന്നുകൂടി ക്രോഡീകരിച്ചാൽ മൂന്നു ഭാഗങ്ങളുള്ള ഒരു ഘടന ഈ ഗ്രന്ഥത്തിൽ കാണാവുന്നതാണ്.

1–9 അധ്യായങ്ങൾ – ആമുഖം

10–29 അധ്യായങ്ങൾ – സുഭാഷിതങ്ങളുടെ പ്രധാന സമാഹാരങ്ങൾ

30–31 അധ്യായങ്ങൾ – ഉപസംഹാരം

ആദ്യഭാഗമായ 1–9 അധ്യായങ്ങൾ പല പ്രബോധനങ്ങളിലൂടെയും ഗ്രന്ഥത്തിന് ഒരു ആമുഖമെന്നപോലെ നിലകൊള്ളുകയാണ്. ജ്ഞാനത്തെ പിതാവായും മാതാവായും ജ്ഞാനിയായും സ്ത്രീരത്നമായും വ്യക്തിവൽക്കരിച്ചുകൊണ്ട് അവരിലൂടെ ഉപദേശങ്ങൾ നല്കുന്ന രീതിയാണ് ഇവിടെ അവലംബിച്ചിരിക്കുന്നത്. ആദ്യാധ്യായത്തിലെ ഏഴുവാക്യങ്ങളിൽ ശീർഷകവും ഗ്രന്ഥത്തിന്റെ ലക്ഷ്യവുമെന്തെന്ന് നല്കിയശേഷം ദുഷ്ടർക്കെതിരായ ഒരു പ്രബോധനവും (വാ. 8–19) ജ്ഞാനം വ്യക്തിഭാവം സ്വീകരിച്ചു സംസാരിക്കുന്നു (വാ. 21–33). തുടർന്ന് രണ്ടുമുതൽ ഏഴുവരെ അധ്യായങ്ങളിലായി ജ്ഞാനത്തിന്റെ മേന്മകളെക്കുറിച്ചുള്ള ഗീതങ്ങളാണ് കാണുക. വീണ്ടും ജ്ഞാനം വ്യക്തിഭാവം സ്വീകരിച്ചു സംസാരിക്കുന്നതായി എട്ടാം അധ്യായം അവതരിപ്പിക്കുന്നു. അവസാനഭാഗമായ ഒമ്പതാം അധ്യായത്തിൽ ജ്ഞാനവും ഭോഷത്തവും തങ്ങളുടെ വിരുന്നാസ്വദിക്കുന്നതിനു നല്കുന്ന ക്ഷണമാണു കാണുക. തുടർന്നുവരുന്ന വിജ്ഞാനസൂക്തങ്ങളുടെ സമാഹാരത്തിനു സ്വാഗതമേകുന്ന ഭാഗമായി ഈ അധ്യായം നിലകൊള്ളുന്നു.

രണ്ടാംഭാഗമായ 10–29 അധ്യായങ്ങളിൽ വിജ്ഞാനസൂക്തങ്ങളുടെ വിവിധ സമാഹാരമാണു കാണുക. സോളമന്റെ സൂക്തങ്ങൾ, ജ്ഞാനികളുടെ ആപ്തവാക്യങ്ങൾ, ജ്ഞാനികളുടെ സൂക്തങ്ങൾ, സോളമന്റെ സുഭാഷിതങ്ങളുടെ തുടർച്ച എന്നീ നാലു സമാഹാരങ്ങളാണിവിടെ കാണുന്നത്. ആദ്യസമാഹാരം (10:1–22:16) സോളമന്റെ പേരിലുള്ളതാണ്. ഇതാണ് സുഭാഷിതഗ്രന്ഥത്തിലെ ഏറ്റവും ദൈർഘ്യമേറിയ സമാഹാരം. ഇതിൽ ജ്ഞാനിയെക്കുറിച്ചും ഭോഷനെക്കുറിച്ചും അവരുടെ സ്വഭാവങ്ങളെക്കുറിച്ചും പ്രവൃത്തികളെക്കുറിച്ചും ജ്ഞാനത്തിന്റെയും ഭോഷത്തത്തിന്റെയും ഫലങ്ങളെക്കുറിച്ചും ദീർഘമായി പ്രതിപാദിക്കുന്നു. രണ്ടാമത്തെ സമാഹാരമായ ജ്ഞാനികളുടെ ആപ്തവാക്യങ്ങളിൽ (22:17–24:22), ആദ്യ അഞ്ചുവാക്യങ്ങൾ ആമുഖവാക്യങ്ങളാണ്. തുടർന്ന് ജീവിതവിജയം നേടുന്നതിനുള്ള ജ്ഞാനത്തിന്റെ പ്രായോഗികനിർദ്ദേശങ്ങളാണ് കാണുക. മൂന്നാമത്തെ സമാഹാരം (24:23–34) ജ്ഞാനികളുടെ തന്നെ സൂക്തങ്ങളാണെന്നു ആമുഖമായി നല്കിക്കൊണ്ടാണ് തുടങ്ങുക. രണ്ടുകാര്യങ്ങളാണിവിടെ ഊന്നിപ്പറയുക: സംസാരത്തിലുള്ള സത്യസന്ധതയെക്കുറിച്ചും വേലയുടെ മൂല്യത്തെക്കുറിച്ചും. ഈ ഭാഗത്തെ അവസാന സമാഹാരമായ സോളമന്റെ സുഭാഷിതങ്ങളുടെ തുടർച്ച (അധ്യാ 25–29) ഹെസക്കിയാരാജാവിന്റെ കാലത്തു പകർത്തിവച്ചതാണെന്ന ആമുഖത്തോടെയാണ് ആരംഭിക്കുക. ധാർമികമായും മതപരമായും ഉള്ള നിർദ്ദേശോപദേശങ്ങളടങ്ങുന്ന ഈ ഭാഗം ജീവിതഗന്ധിയായ ഉപദേശനിർദ്ദേശങ്ങൾകൊണ്ട് സമ്പന്നമാണ്.

മൂന്നാം ഭാഗമായ 30–31 അധ്യായങ്ങൾ, രണ്ടാംഭാഗത്തു വിശദീകരിക്കപ്പെട്ടിട്ടുള്ള വിഷയങ്ങൾതന്നെയാണ് ഉപസംഹാരമെന്നോണം കൈകാര്യം ചെയ്യുന്നത്. ആഗൂറിന്റെയും ലെമുവേലിന്റെയും പേരിലുള്ള ഈ രണ്ടു ചെറു സമാഹാരങ്ങൾക്ക് ഓരോന്നിനും രണ്ടുഭാഗം വീതമുണ്ട്. ആഗൂറിന്റെ സൂക്തങ്ങളിൽ ആദ്യഭാഗത്ത്, അതായത് 30:1–14 വാക്യങ്ങളിൽ അഗ്രാഹ്യനായ ദൈവത്തെക്കുറിച്ചും മനുഷ്യന്റെ പരിമിതിയെക്കുറിച്ചും ദുഷ്ടവ്യക്തിയെക്കുറിച്ചും പറയുമ്പോൾ, രണ്ടാം ഭാഗമായ 15–33 സംഖ്യാഗണിത പഴമൊഴികളാണ്. ലെമുവേലിന്റെ സൂക്തങ്ങളിലും 1–9 വാക്യങ്ങൾ 10–31 വാക്യങ്ങളിൽ നിന്നു വ്യത്യസ്തമാണ്. രണ്ടാംഭാഗത്തെ അക്ഷരമാലാക്രമത്തിലുള്ള പഴമൊഴികളിൽ സംഖ്യാഗണിതപഴമൊഴികളും ചേർത്തിരിക്കുന്നു.

സുഭാഷിതങ്ങളുടെ പുസ്തകത്തിലെ ഒന്നാം സമാഹാരമാണ് ഈ വർഷത്തെ ലോഗോസ് ക്വിസിനായി പഠിക്കേണ്ടത് എന്നതിനാൽ ആ ഭാഗത്തിന്റെ വിശദീകരണത്തിലേക്കു നമുക്കു കടക്കാം.

## 2. സുഭാഷിതങ്ങൾ ഒന്നാം സമാഹാരം: 1–9 അധ്യായങ്ങൾ

നാം മുമ്പു കണ്ടതുപോലെ, ആദ്യഭാഗമായ 1–9 അധ്യായങ്ങൾ പല പ്രബോധനങ്ങളിലൂടെയും ഗ്രന്ഥത്തിന് ഒരു ആമുഖമെന്നപോലെ നിലകൊള്ളുകയാണ്. വിജ്ഞാനത്തെ ജീവിതത്തിലെ വിശ്വസ്തനായ ഒരു നിയന്താവും കൂട്ടാളിയുമായി സ്വീകരിക്കുന്നതിനും ദുഷ്ടത ജീവിതത്തെ നശിപ്പിക്കാതിരിക്കാൻ അതിന്റെ പലവിധ സ്വാധീനങ്ങളിൽ നിന്ന് ഒഴിഞ്ഞുനില്ക്കുന്നതിനും ഉള്ള ഉപദേശശകലങ്ങളുടെ സമാഹാരമാണിത്.

### 2.1 രചയിതാവും കാലഘട്ടവും

ഗ്രന്ഥത്തിന്റെ മറ്റു ഭാഗങ്ങളിൽ കാണുന്നതുപോലെ ചെറിയ രണ്ടുവരി ചൊല്ലുകളിൽ നിന്നു വ്യത്യസ്തമായി കവിതാരൂപത്തിലുള്ള ദൈർഘ്യമുള്ള പ്രബോധനങ്ങൾ കൊണ്ടു നിറഞ്ഞ ഈ ആദ്യഭാഗം താരതമ്യേന പ്രവാസകാലത്തിനുശേഷം ഗ്രന്ഥക്രോഡീകരണത്തോടനുബന്ധിച്ച് കൂട്ടിച്ചേർത്തതാണെന്ന നിഗമനമാണ് പണ്ഡിതർക്കുണ്ടായിരുന്നത്. എന്നാൽ ഈ ഭാഗത്തിന് ഈജിപ്ഷ്യൻ വിജ്ഞാനസാഹിത്യവുമായുള്ള ബന്ധം ഈ സമാഹാരത്തിനുമുണ്ടെന്ന വസ്തുത മേൽപ്പറഞ്ഞ നിഗമനത്തെ ഖണ്ഡിക്കുന്നുണ്ട്. ഒരു ജ്ഞാനിയോ ഗുരുവോ തന്റെ ശിഷ്യനെ (മകനെ) അഭിസംബോധന ചെയ്തുകൊണ്ട് പഠിപ്പിക്കുന്ന രീതി ഈജിപ്ഷ്യൻ വിജ്ഞാനഗ്രന്ഥങ്ങളിൽ സാധാരണമാണ്. ഈ രീതി ആദ്യസമാഹാരത്തിന്റെയും പ്രത്യേകതയാണ്. എങ്കിലും പുസ്തകത്തിന്റെ അവസാനക്രോഡീകരണത്തിൽ കൂട്ടിച്ചേർക്കലുകളും മറ്റും നടന്നിട്ടുണ്ടെന്ന് അനുമാനിക്കാം.

### 2.2 ഘടനയും ഉള്ളടക്കവും

വ്യക്തമായ ഒരു ഘടന ഈ ഭാഗത്തിനു നിർദ്ദേശിക്കുക സാധ്യമല്ല. ആമുഖഭാഗത്തെ സംബന്ധിച്ച് (1:1–7) ഉള്ള കൃത്യത ഒഴിച്ച് ബാക്കി ഭാഗങ്ങളുടെ ഘടനയെക്കുറിച്ച് പണ്ഡിതർ ഏകാഭിപ്രായക്കാരല്ല. ഈ സമാഹാരത്തിന്റെ ഘടന നിശ്ചയിക്കുന്നതിന് ഉള്ളടക്കവും ഓരോ അധ്യായത്തിലും കാണുന്ന അഭിസംബോധനയും കണക്കിലെടുത്തിട്ടുണ്ട്. അങ്ങനെ നോക്കുമ്പോൾ ആദ്യവാക്യം പുസ്തകത്തിനു പൊതുവായും സമാഹാരത്തിനു പ്രത്യേകമായും ഒരു ശീർഷകം നല്കുന്നതുപോലെ ആദ്യാധ്യായം സുഭാഷിതഗ്രന്ഥത്തിനും ഒപ്പം ആദ്യ സമാഹാരത്തിനും ഒരു ആമുഖമായിട്ടു ക്രമീകരിച്ചിരിക്കുന്നു എന്നു പറയാം. രണ്ടാമത്തെ ഭാഗം, അതായത്, 2–3 അധ്യായങ്ങൾ മകനേ, എന്ന അഭിസംബോധനയിൽ ആരംഭിക്കുന്നതും പ്രധാനമായി ജ്ഞാനത്തിന്റെ ശ്രേഷ്ഠതയെക്കുറിച്ചു സംസാരിക്കുന്നതുമാണ്. അധ്യായം നാല് ''മക്കളേ'' എന്ന അഭിസംബോധനയിൽ തുടങ്ങി, ''മകനേ'' എന്ന അഭിസംബോധന 4:10, 4:20 എന്നിവിടങ്ങളിൽ ആവർത്തിച്ച് ജ്ഞാനസമ്പാദനത്തെക്കുറിച്ചു പ്രതിപാദിക്കുന്നു. തുടർന്നു വരുന്ന 5, 6, 7 അധ്യായങ്ങൾ വിവിധ ഉപദേശങ്ങൾ നല്കുന്നവയാണ്. എല്ലാ അധ്യായങ്ങളും മകനേ എന്ന അഭിസംബോധനയിൽ ആരംഭിക്കുന്നു. 8–ാമധ്യായം ജ്ഞാനം തന്നെക്കുറിച്ചു തന്നെ സംസാരിക്കുന്നത് അവതരിപ്പിക്കുമ്പോൾ 9–ാമധ്യായം ജ്ഞാനത്തിന്റെയും ഭോഷത്തത്തിന്റെയും വൈരുദ്ധ്യത്തെ അവതരിപ്പിക്കുന്നു. രണ്ട് അധ്യായങ്ങളിലും അഭിസംബോധന ഇല്ല എന്നു കാണാം. ഇത്തരത്തിൽ നോക്കുമ്പോൾ ആറുഭാഗങ്ങളായി ഈ സമാഹാരത്തെ വിഭജിക്കാം.

1. അധ്യായം 1 – ആമുഖഭാഗം
2. അധ്യായങ്ങൾ 2–3 – ശ്രേഷ്ഠമായ ജ്ഞാനം
3. അധ്യായം 4 – ജ്ഞാനസമ്പാദനം അഭികാമ്യം
4. അധ്യായങ്ങൾ 5–7 – വിവിധ ഉപദേശങ്ങൾ
5. അധ്യായം 8 –ആദ്യസൃഷ്ടിയായ ജ്ഞാനം

6. അധ്യായം 9 –ജ്ഞാനവും ഭോഷത്തവും

*1. ആമുഖഭാഗം (അധ്യാ. 1)*

ആമുഖഭാഗം മൂന്നായി തിരിക്കാം. ആദ്യ ഏഴുവാക്യങ്ങളിൽ ശീർഷകവും ഗ്രന്ഥത്തിന്റെ ലക്ഷ്യവുമെന്തെന്ന് നല്കുന്നു. തുടർന്ന് ദുഷ്ടർക്കെതിരായ ഒരു പ്രബോധനവും (വാ. 8–19) ജ്ഞാനമഹതിയുടെ ആഹ്വാനവും (വാ. 21–33) ആണ് കാണുന്നത്.

''ഇസ്രായേൽ രാജാവായ ദാവീദിന്റെ മകൻ സോളമന്റെ സുഭാഷിതങ്ങൾ'' എന്നാണ് ആദ്യവാക്യത്തിന്റെ ഹീബ്രുമൂലം. ഇത് രചയിതാവിനെ ഉദ്ദേശിച്ച് എന്നതിനേക്കാൾ ഗ്രന്ഥത്തിന് ശ്രേഷ്ഠത നല്കുന്നതിനു കൊടുത്തിരിക്കുന്ന ശീർഷകമാണെന്നു അഭിപ്രായപ്പെടുന്നവരുണ്ട്. തുടർന്ന് രണ്ടുമുതൽ ആറുവരെ വാക്യങ്ങളിലായി സുഭാഷിതങ്ങളുടെ ലക്ഷ്യം എന്തെന്നു പ്രതിപാദിക്കുന്നു. ഇവിടെയുള്ള നാമപദങ്ങൾ (പ്രബോധനം, ഉൾക്കാഴ്ച മുതലായവ) ജ്ഞാനത്തെ വിശേഷിപ്പിക്കുമ്പോൾ ക്രിയാപദങ്ങൾ (ഗ്രഹിക്കുക, മനസ്സിലാക്കുക മുതലായവ) ജ്ഞാനത്തെ സ്വന്തമാക്കുന്ന പ്രവൃത്തികളെക്കുറിക്കുന്നു. ഏഴാം വാക്യത്തിൽ ''ദൈവഭക്തിയാണ് അറിവിൻെറ ഉറവിടം എന്ന പ്രസ്താവന''യോടെ ആമുഖത്തിന്റെ ആദ്യഭാഗം അവസാനിക്കുന്നു. ഈ വാക്യം ആദ്യയൂണിറ്റിന്റെ ഉൾക്കാമ്പ് തെളിയിക്കുന്ന സമാപനവാക്യമായോ, ഗ്രന്ഥത്തിന്റെ ഉള്ളടക്കത്തിന്റെ മനോഹരസംഗ്രഹമായോ കണക്കാക്കാം.

ആമുഖഭാഗത്തിൽ തുടർന്നുവരുന്നത് പിതാവ്, മാതാവ്, എന്നിവരുടെ ഉപദേശങ്ങളെ വിലമതിക്കാൻ അഭ്യർഥിച്ചുകൊണ്ട് പാപികളുടെ പ്രലോഭനത്തിനു വഴങ്ങാതിരിക്കാൻ ജ്ഞാനമഹതി നല്കുന്ന സദുപദേശങ്ങളാണ് (വാ. 8–19). നാശത്തിലേക്കുള്ള വഴി തെരഞ്ഞെടുക്കാതിരിക്കാനുമുള്ള മുന്നറിയിപ്പാണ് ഇതിന്റെ ഉള്ളടക്കമെന്നു പറയാം. വാക്യങ്ങൾ 20–33–ൽ ജ്ഞാനം ഉച്ചത്തിൽ വിളിച്ചറിയിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്ന കാര്യങ്ങളാണ് അവതരിപ്പിക്കുന്നത്. വാക്യങ്ങൾ 8–19–ൽ പറഞ്ഞ കാര്യങ്ങൾ അനുസരിക്കാത്തവരോടുള്ള ശാസനയും മുന്നറിയിപ്പുമാണ് ഇവിടെ വീണ്ടും നല്കുന്നത്. ജ്ഞാനമഹതിയുടെ ഉയരമുള്ള സ്ഥലത്തെ നില്പും ഉച്ചത്തിലുള്ള സംസാരവും ദുഷ്ടതയുടെ വഴിതേടിപ്പോകുന്നവരെ കാണുന്നതിനും തിരിച്ചുകൊണ്ടുവരുന്നതിനുമാണ്.

*2. ശ്രേഷ്ഠമായ ജ്ഞാനം (അധ്യാ. 2–3)*

ഈ ഭാഗത്ത് ജ്ഞാനത്തിന്റെ മേന്മകളെക്കുറിച്ചുള്ള ഗീതങ്ങളാണ് കാണുക. ''മകനേ'' എന്നു വിളിച്ചുകൊണ്ട് ആരംഭിക്കുന്ന ഈ ഭാഗത്ത് ആരാണ് ഉപദേശകൻ എന്നറിഞ്ഞുകൂടാ. രണ്ടാമധ്യായത്തിന്റെ അവസാനഭാഗത്ത്, അതായത് 13–19 വാക്യങ്ങളിൽ ''അവർ'' എന്നു തുടങ്ങുന്ന ഭാഗം ഭോഷരെ സംബന്ധിച്ചാണെന്നു മനസ്സിലാക്കാം. മൂന്നാമധ്യായത്തിനു മൂന്നു ഭാഗങ്ങൾ കാണാം. മധ്യഭാഗം (3:13–24) ജ്ഞാനത്തിന്റെ അമൂല്യതയെക്കുറിച്ചു പറയുമ്പോൾ അതിനു മുമ്പുള്ള ഭാഗം (3:1–12) കർത്താവിനോടുള്ള വിശ്വസ്തതയെക്കുറിച്ചും അതിനുശേഷമുള്ള ഭാഗം (3:25–35) അയൽക്കാരനോടുള്ള കടമകളെക്കുറിച്ചും ഉള്ളതാണ്. ജ്ഞാനമുള്ളവൻ ദൈവത്തെയോ സഹോദരനെയോ മറക്കുന്നില്ല എന്നു വ്യക്തമാക്കുന്ന തരത്തിലാണ് മൂന്നാമധ്യായത്തിന്റെ ഘടനതന്നെ.

*3. ജ്ഞാനസമ്പാദനം അഭികാമ്യം (അധ്യാ. 4)*

''മക്കളേ'' എന്ന ബഹുവചനസംബോധനകൊണ്ടു തുടങ്ങുന്ന ഈ അധ്യായത്തിൽ രണ്ടുപ്രാവശ്യം കൂടി ''മകനേ'' എന്നു സംബോധന ചെയ്തിരിക്കുന്നു. ഈ സംബോധനകൾ ഈ അധ്യായത്തെ മൂന്നു ഭാഗങ്ങളായി തിരിക്കുന്നുണ്ട്. പിതാവിന്റെ വാക്കുകളെന്നപോലെ അവതരിപ്പിച്ചിരിക്കുന്ന (വാ. 1–4) അധ്യായത്തിന്റെ ആദ്യഭാഗത്ത് (വാ. 5–9) ജ്ഞാനസമ്പാദനം അഭികാമ്യമാണെന്നു പറയുമ്പോൾ രണ്ടാംഭാഗത്ത് (വാ. 10–19)ജ്ഞാനസമ്പാദനം കൊണ്ടുണ്ടാകുന്ന മേന്മകളെക്കുറിച്ചും, മൂന്നാംഭാഗത്ത് (വാ. 20–27) ജ്ഞാനം കാത്തുസൂക്ഷിക്കേണ്ടതിന്റെ

ആവശ്യകതയെക്കുറിച്ചും പറയുന്നു. ''തിന്മയിൽ കാലൂന്നരുത്'' എന്ന ആഹ്വാനത്തോടെയാണ് ഈ ഭാഗം അവസാനിക്കുന്നത്.

### *4. വിവിധ ഉപദേശങ്ങൾ (അധ്യാ. 5–7)*

ഈ ഭാഗത്ത് 5, 6, 7 അധ്യായങ്ങൾ ആരംഭിക്കുന്നത് ''മകനേ'' എന്ന അഭിസംബോധനയോടുകൂടിയാണ്. മൂന്നധ്യായങ്ങളിലെയും പ്രധാന ഉള്ളടക്കം ദാമ്പത്യവിശ്വസ്തതയാണ്. അഞ്ചാമധ്യായത്തിലെ ആദ്യരണ്ടു വാക്യങ്ങൾ ജ്ഞാനത്തിൽ ശ്രദ്ധ പതിക്കാനുള്ള ആഹ്വാനമാണ്. തുടർന്ന്, വശീകരിക്കുന്ന ദുശ്ചരിതയുടെ പ്രലോഭനത്തിനിരയാകാതിരിക്കാനും (വാ. 3–14) ഭാര്യയോടു വിശ്വസ്തനായിരിക്കാനും (വാ. 15–23) ഉള്ള ആഹ്വാനം കാണുന്നു. ആറാമധ്യായത്തിലും നല്ല ജീവിതത്തിനുതകുന്ന അനേകം ഉപദേശങ്ങളും (വാ. 11–19) തുടർന്ന് ദാമ്പത്യവിശ്വസ്തതയെക്കുറിച്ചുള്ള ഉപദേശങ്ങളും (20–35) ആണ് കാണുക. ഏഴാമധ്യായത്തിൽ ദാമ്പത്യവിശ്വസ്തതയെക്കുറിച്ചുള്ള പ്രബോധനം തുടരുകയാണ്. കുടുംബത്തിലും സമൂഹത്തിലും സാന്മാർഗികത ഉറപ്പാക്കാനുള്ള ഉപദേശങ്ങളാണ് ആദ്യസമാഹാരത്തിൽ പ്രാധാന്യത്തോടെ കൊടുത്തിരിക്കുന്നതെന്ന് ഈ ഭാഗം വ്യക്തമാക്കുന്നു.

### *5. ആദ്യസൃഷ്ടിയായ ജ്ഞാനം (അധ്യാ. 8)*

ജ്ഞാനമഹതിയുടെ വാക്കുകളാണ് എട്ടാം അധ്യായം അവതരിപ്പിക്കുന്നത്. ജ്ഞാനമായ തന്നെ സ്വീകരിക്കാനാഹ്വാനം ചെയ്തുകൊണ്ട് തന്റെ വ്യക്തിത്വവും പ്രവർത്തനവും വിശദീകരിക്കുകയാണിവിടെ. ആദ്യമൂന്നു വാക്യങ്ങൾ ജ്ഞാനമഹതിയെ പരിചയപ്പെടുത്തുന്നവയാണ്. തുടർന്ന് ജ്ഞാനമഹതിയുടെ പ്രഭാഷണമാണ് നല്കുന്നത്. ഈ പ്രഭാഷണത്തിൽ 4–21 വാക്യങ്ങളിൽ തന്റെ മൂല്യത്തെക്കുറിച്ചും പ്രവർത്തനത്തെക്കുറിച്ചും ഉദ്ഘോഷിക്കുന്നു. ശേഷമുള്ള 22–36 വാക്യങ്ങളിൽ തന്റെ ഉറവിടവും സൃഷ്ടികർമത്തിലുള്ള തന്റെ പങ്കും വെളിപ്പെടുത്തി, തന്റെ മാർഗം പിന്തുടരാൻ ആഹ്വാനം ചെയ്യുന്നതാണ് കാണുക. ദൈവത്തോടുകൂടിയായിരിക്കുന്ന ജ്ഞാനമാണ് മനുഷ്യമക്കൾക്ക് യഥാർഥമായ ആനന്ദം കൈവരുത്തുന്നത് എന്ന് ഈ ഭാഗം ഊന്നിപ്പറയുന്നു.

### *6. ജ്ഞാനവും ഭോഷത്തവും (അധ്യാ. 9)*

അവസാനഭാഗമായ ഒമ്പതാം അധ്യായത്തിൽ ജ്ഞാനവും ഭോഷത്തവും തങ്ങളുടെ വിരുന്നാസ്വദിക്കുന്നതിനു നല്കുന്ന ക്ഷണമാണു കാണുക. ആദ്യഭാഗത്ത് (വാ. 1–6) ജ്ഞാനമഹതിയുടെ ആതിഥ്യത്തെക്കുറിച്ചു പറഞ്ഞ് അതു സ്വീകരിക്കാനുള്ള ക്ഷണം നല്കുമ്പോൾ അവസാനഭാഗത്ത് (13–18) ഭോഷത്തത്തെക്കുറിച്ചും അവളുടെ ആതിഥ്യം സ്വീകരിച്ചാലുണ്ടാകുന്ന നാശത്തെക്കുറിച്ചും പറയുന്നു. ഇതിനിടയിൽ കാണുന്ന ഭാഗം (വാ. 7–12) ദുഷ്ടനെക്കുറിച്ചും വിവേകിയെക്കുറിച്ചും താരതമ്യം ചെയ്തുകൊണ്ടുള്ള പ്രബോധനമാണ്. തുടർന്നുവരുന്ന വിജ്ഞാനസൂക്തങ്ങളുടെ സമാഹാരങ്ങൾക്കു സ്വാഗതമേകുന്ന ഭാഗമായി ഈ അധ്യായം നിലകൊള്ളുന്നു.

ജ്ഞാനത്തിന്റെ, അല്ലെങ്കിൽ വിവേകിയുടെ വഴി തേടുന്നവനുള്ള നന്മയെക്കുറിച്ചോ, ദുശ്ചരിതയുടെ അഥവാ ഭോഷത്തത്തിന്റെ വഴി തേടുന്നവനുള്ള നാശത്തെക്കുറിച്ചോ അനുസ്മരിപ്പിച്ചുകൊണ്ടാണ് എല്ലാ അധ്യായങ്ങളിലും പ്രബോധനം ക്രമപ്പെടുത്തിയിരിക്കുന്നത്. നന്മതിന്മകൾ നമ്മുടെ മുമ്പിൽ എപ്പോഴും ഉണ്ടായിരിക്കും. നന്മയെ തെരഞ്ഞെടുത്തു ജീവൻ നേടുക എന്നതാണ് ഈ സമാഹാരം നല്കുന്ന ഉപദേശം.

# യോഹന്നാന്റെ സുവിശേഷം

## (1–12 അധ്യായങ്ങൾ)

### 1. ആമുഖം

പുതിയ നിയമഗ്രന്ഥങ്ങളുടെ നിരയിൽ നാലാമതായി സ്ഥാനം പിടിച്ചിരിക്കുന്നതാണ് 'ആധ്യാത്മികസുവിശേഷ'മെന്നു വിശേഷിപ്പിക്കപ്പെടുന്ന യോഹന്നാന്റെ സുവിശേഷം. നാലു സുവിശേഷങ്ങളിൽ ആദ്യത്തെ മൂന്നു പുസ്തകങ്ങളും സമാനതകളുള്ളതിനാൽ സമാന്തരസുവിശേഷങ്ങളെന്നു വിളിക്കപ്പെട്ടപ്പോൾ നാലാമത്തെ സുവിശേഷം അതിന്റെ തനിമയാൽ ശ്രദ്ധിക്കപ്പെട്ടു. സുവിശേഷമായി ഗണിക്കപ്പെടുന്നതിനു തക്കവിധം, മറ്റു സുവിശേഷങ്ങളിലെന്നതുപോലെ യേശുവിന്റെ പരസ്യജീവിതം, പീഡാസഹനം, മരണം, ഉത്ഥാനം എന്നിവയുടെ വിവരണങ്ങളാണ് നാലാം സുവിശേഷത്തിലുള്ളതെങ്കിലും സമാന്തരസുവിശേഷങ്ങളിൽനിന്നും ഈ നാലാംസുവിശേഷത്തെ മാറ്റിനിർത്തുന്ന പല ഘടകങ്ങളുണ്ട്.

സമാന്തരസുവിശേഷമനുസരിച്ച് യേശു ഗലീലിയിലാണ് തന്റെ ദൗത്യം ആരംഭിക്കുന്നത്. എന്നാൽ യോഹന്നാന്റെ സുവിശേഷമനുസരിച്ച് ഈശോ തന്റെ പരസ്യജീവിതത്തിൽ കൂടുതൽപങ്കും ചെലവഴിക്കുന്നത് ജെറുസലെമിലാണ്. യോഹന്നാൻ സുവിശേഷമനുസരിച്ച് യേശു ഏഴ് അത്ഭുതങ്ങൾ മാത്രമേ പ്രവർത്തിക്കുന്നുള്ളു. അവയിൽ ആറെണ്ണവും സമാന്തരസുവിശേഷങ്ങളിൽ വിവരിക്കാത്തവയാണ്. മാത്രമല്ല, അത്ഭുതങ്ങളെ ''അടയാളങ്ങൾ'' എന്നാണ് യോഹന്നാൻ വിളിക്കുന്നത്. യോഹന്നാന്റെ സുവിശേഷത്തിൽ മൂന്നു പെസഹാത്തിരുനാളുകളെക്കുറിച്ചു പറയുമ്പോൾ സമാന്തരസുവിശേഷങ്ങൾ ഒരു പെസഹാത്തിരുനാളിനെക്കുറിച്ചു മാത്രമേ പ്രതിപാദിക്കുന്നുള്ളു. യോഹന്നാൻ യേശുവിന്റെ ജീവചരിത്രത്തിൽ നിന്നും ചില പ്രധാന സംഭവങ്ങൾ മാത്രം എടുക്കുകയും ദീർഘമായ പ്രഭാഷണങ്ങൾ സുവിശേഷത്തിൽ ഉൾപ്പെടുത്തുകയും ചെയ്തു. പരി. കുർബാനസ്ഥാപനത്തെക്കുറിച്ച് സമാന്തരസുവിശേഷങ്ങൾ അവതരിപ്പിക്കുമ്പോൾ, യോഹന്നാന്റെ സുവിശേഷം സ്ഥാപനത്തെക്കുറിച്ചു പറയുന്നില്ല. പകരം, വി. കുർബാനയെക്കുറിച്ച് യേശു നടത്തുന്ന ഒരു നീണ്ട പ്രഭാഷണവും അത്താഴത്തിനിടയിൽ യേശു നടത്തുന്ന കാൽകഴുകൽ ശുശ്രൂഷയുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇനിയും പല വ്യത്യാസങ്ങളും ഉള്ളടക്കത്തിലും ശൈലിയിലും പ്രകടമായി കാണാൻ കഴിയും.

### 2. സുവിശേഷത്തിന്റെ രചനയും കാലവും

സുവിശേഷത്തിന്റെ അവസാന അധ്യായത്തിൽ ''ഈ ശിഷ്യൻ (യേശു സ്നേഹിച്ചിരുന്ന) ശിഷ്യൻതന്നെയാണ് ഈ കാര്യങ്ങൾക്കു സാക്ഷ്യം നല്കുന്നതും ഇവ എഴുതിയതും'' എന്നു സൂചിപ്പിച്ചിട്ടുണ്ടെങ്കിലും നാലാം സുവിശേഷത്തിന്റെ രചയിതാവ് ആരാണ് എന്നതിനെക്കുറിച്ച് ബൈബിൾ പണ്ഡിതരുടെ ഇടയിൽ അഭിപ്രായൈക്യമില്ല. ''യേശു സ്നേഹിച്ചിരുന്ന ശിഷ്യൻ'' അപ്പസ്തോലനായ യോഹന്നാൻ തന്നെ എന്നു മനസ്സിലാക്കിയാൽ രചയിതാവ് യോഹന്നാൻശ്ലീഹായല്ലാതെ മറ്റാരുമല്ല. യോഹന്നാൻ എന്നപേര് സുവിശേഷത്തിൽ സ്നാപകയോഹന്നാനെ ഉദ്ദേശിച്ചല്ലാതെ, അപ്പസ്തോലനായ യോഹന്നാനെ സൂചിപ്പിക്കുന്നതിന് ഉപയോഗിച്ചിട്ടില്ല എന്നത് ശ്രദ്ധേയമാണ്. യോഹന്നാൻശ്ലീഹാ എഴുതിയതാണ് ഇതെന്നു സഭാപിതാക്കന്മാരായ വി. ഇരണേവൂസ്, വി. ആഗസ്തീനോസ്, ഒരിജൻ എന്നിവരെല്ലാം കർത്താവിന്റെ മാറിൽ ചാരിക്കിടന്ന ശിഷ്യനായ യോഹന്നാൻ ആണ് ഈ സുവിശേഷത്തിന്റെ കർത്താവ് എന്നു സാക്ഷ്യപ്പെടുത്തുന്നുണ്ട്. യോഹന്നാന്റെ പേരിലുള്ള മറ്റു ഗ്രന്ഥങ്ങൾ (3 ലേഖനങ്ങളും

വെളിപാടുഗ്രന്ഥവും) പ്രമേയങ്ങളിലും ശൈലിയിലും പുലർത്തുന്ന സാമ്യവും കണക്കിലെടുക്കത്തക്കതാണ്. കുരിശിൻചുവട്ടിൽവരെ യേശുവിനെ അനുഗമിച്ച യോഹന്നാൻശ്ലീഹായ്ക്കുണ്ടായ പ്രത്യേക ദൈവാനുഭവത്തിൽനിന്ന് ഉരുത്തിരിഞ്ഞതാണ് ഈ സുവിശേഷം എന്നു കരുതുകയാണ് ഉചിതം. അങ്ങനെയെങ്കിൽ, ഇത് എഫോസോസിൽവച്ച് എ.ഡി. 100–നോടടുത്ത് എഴുതിയതാണ്.

## 3. സുവിശേഷരചനയുടെ ലക്ഷ്യം

സുവിശേഷരചനയുടെ പിന്നിൽ രചയിതാവിന്റെ വ്യക്തമായ ലക്ഷ്യമുണ്ടായിരുന്നു: ''എന്നാൽ, ഇവതന്നെയും എഴുതപ്പെട്ടിരിക്കുന്നത് യേശു ദൈവപുത്രനായ ക്രിസ്തുവാണെന്ന് നിങ്ങൾ വിശ്വസിക്കുന്നതിനും അങ്ങനെ വിശ്വസിക്കുകനിമിത്തം നിങ്ങൾക്ക് അവന്റെ നാമത്തിൽ ജീവൻ ഉണ്ടാകുന്നതിനും വേണ്ടിയാണ്'' (20:31). യോഹന്നാന്റെ സുവിശേഷം രചിക്കപ്പെടുന്ന കാലത്ത് യഹൂദരും ക്രൈസ്തവരും രണ്ടു മതങ്ങളായി രൂപപ്പെട്ടിരുന്നു എന്നു പറയാം. അതിനാൽ, ആദിമ സഭയിൽ അവർ തമ്മിലുണ്ടായിരുന്ന വിയോജിപ്പ്, എല്ലാക്കാര്യത്തിലും യേശുവിനെ എതിർത്തിരുന്ന യഹൂദരിലൂടെ വ്യക്തമാകുന്നുണ്ട്. സ്നാപകനെ മിശിഹായായി കരുതിയിരുന്നവർ എഫേസോസിൽ ഉണ്ടായിരുന്നതിനാൽ (അപ്പ 19:1–7) അവരുടെ ധാരണകളെ തിരുത്തുക എന്നതും ഈ സുവിശേഷത്തിന്റെ ലക്ഷ്യമായിരുന്നു.അതുകൊണ്ട് സ്നാപകനല്ല, യേശുവാണു മിശിഹാ എന്ന് അസന്നിഗ്ധമായി പ്രഖ്യാപിക്കുന്നു (1:19–27). അന്നു നിലവിലിരുന്ന പലവിധ തത്ത്വചിന്തകളെയും എതിർക്കുന്നതിനാണ്, ആമുഖഭാഗത്ത്, യേശു വചനമാണെന്നും വചനം ദൈവത്തോടു സമനാണെന്നും ഒരു മധ്യവർത്തിയല്ലെന്നും വളരെ വ്യക്തമായി സുവിശേഷകൻ പറഞ്ഞുവയ്ക്കുന്നത്.

അന്നത്തെ ക്രൈസ്തവരെ വിശ്വാസത്തിൽ ഉറപ്പിക്കുക എന്നതാണ് സുവിശേഷരചനയുടെ പ്രഥമലക്ഷ്യമായിരുന്നത് എങ്കിലും അദ്ദേഹം യഹൂദരെയും വിജാതീയരെയുമൊക്കെ മുന്നിൽ കണ്ടുകൊണ്ടുതന്നെയാണ് സുവിശേഷം രചിച്ചതെന്നു പറയാൻ സുവിശേഷത്തിൽ തന്നെ തെളിവുകളുണ്ട്. യേശു വരാനിരിക്കുന്ന, അഥവാ യഹൂദർ പ്രതീക്ഷിച്ചിരിക്കുന്ന മിശിഹാ ആണെന്നു സ്ഥാപിക്കാൻ വിശുദ്ധ ലിഖിതത്തിൽനിന്നു അനേകം തെളിവുകൾ ഉദ്ധരിക്കുന്നുണ്ട് (2:17; 12:15; 13:18; 19:36–37). ''ഈ തൊഴുത്തിൽ പെടാത്ത മറ്റാടുകളും എനിക്കുണ്ട്. അവയെയും ഞാൻ കൊണ്ടുവരേണ്ടിയിരിക്കുന്നു'' 10:16) എന്ന് യേശു പറയുന്നതായി രേഖപ്പെടുത്തിയിരിക്കുന്നത് എല്ലാ വിഭാഗത്തിൽപ്പെട്ടവരും യേശുവിലേക്കു വരണമെന്ന ലക്ഷ്യം വച്ചുകൊണ്ടാണ്. ''അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ'' രക്ഷിക്കപ്പെടണമെന്നു രേഖപ്പെടുത്തിയിരിക്കുന്ന ഈ സുവിശേഷം സാർവ്വത്രികരക്ഷ ലക്ഷ്യം വച്ചുകൊണ്ടു രചിക്കപ്പെട്ടതാണ് എന്നതിൽ സംശയമില്ല.

## 4. സുവിശേഷത്തിന്റെ ഘടന

ഈ സുവിശേഷത്തിന് രണ്ടു ഭാഗങ്ങൾ വളരെ വ്യക്തമാണ്. അത്ഭുതങ്ങളും പ്രഭാഷണങ്ങളും ഒന്നിനുപുറകെ മറ്റൊന്നായി വിവരിക്കുന്ന ആദ്യഭാഗം അടയാളങ്ങളുടെ പുസ്തകം എന്നപേരിലും, യേശുവിന്റെ പീഡാനുഭവ, മരണ, ഉത്ഥാന സംഭവങ്ങളടങ്ങിയ രണ്ടാംഭാഗം മഹത്വത്തിന്റെ പുസ്തകം എന്നപേരിലും അറിയപ്പെടുന്നു. കൂടാതെ ഒരു ആമുഖവും അനുബന്ധവും ഇതിനുണ്ട്. അതിനാൽ, ഗ്രന്ഥഘടന താഴെപ്പറയുന്ന വിധത്തിലാണ്.

1. 1:1–18 – ആമുഖം
2. 1:19–12:50 – അടയാളങ്ങളുടെ പുസ്തകം
3. 13:1–20:31 – മഹത്വത്തിന്റെ പുസ്തകം
4. 21:1–25 – അനുബന്ധം

സുവിശേഷത്തിന്റെ ആമുഖത്തിൽ സുവിശേഷത്തിന്റെ ഒരു സാരസംഗ്രഹം തന്നെയാണ്. കാവ്യാത്മകമായ ഈ ഭാഗം എഫേസോസിലെ സഭയിൽ ആരാധനാക്രമത്തിലുപയോഗിച്ചിരുന്ന ഒരു ഗീതമായിരുന്നു എന്നു അഭിപ്രായപ്പെടുന്ന പണ്ഡിതരുണ്ട്. അതുപോലെതന്നെ, 21–ാമധ്യായം

സുവിശേഷത്തിന്റെ ഭാഗമല്ലായിരുന്നുവെന്നും യോഹന്നാന്റെ ശിഷ്യരോ മറ്റോ പിന്നീട് സുവിശേഷത്തിന് ഒരു ഉപസംഹാരമായി കൂട്ടിച്ചേർത്തതാണെന്നും കരുതപ്പെടുന്നു. എന്തായാലും ഇപ്പോൾ അത് കാനോനികഗ്രന്ഥത്തിന്റെ ഭാഗമായ തിരുവചനങ്ങൾ തന്നെ.

## 5. യോഹന്നാന്റെ ദൈവശാസ്ത്രവീക്ഷണങ്ങൾ

യോഹന്നാന്റെ സുവിശേഷം അവതരണശൈലികൊണ്ടുമാത്രമല്ല, തനതായ ദൈവശാസ്ത്രവീക്ഷണം കൊണ്ടും ശ്രദ്ധേയമാണ്. ഈ സുവിശേഷത്തിൽ, സമാന്തരസുവിശേഷങ്ങളിലെന്നപോലെ 'ദൈവരാജ്യം' ഒരു പ്രധാന പ്രമേയമല്ല. യോഹന്നാന്റെ സുവിശേഷത്തിലെ ദൈവശാസ്ത്രചിന്തകളിൽ ഏറ്റവും പ്രധാനം ക്രിസ്തുവിജ്ഞാനീയമാണ്. അതോടൊപ്പം പരിശുദ്ധാത്മവിജ്ഞാനീയവും സഭാവിജ്ഞാനീയവും യുഗാന്ത്യവിജ്ഞാനീയവും പ്രാധാന്യത്തോടെ അവതരിപ്പിക്കുന്നുണ്ട്.

യോഹന്നാന്റെ ക്രിസ്തുവിജ്ഞാനീയം സുവിശേഷത്തിന്റെ ആദ്യവാക്യം മുതൽ അവതരിപ്പിക്കപ്പെടുന്നുണ്ട്. ''ആദിയിൽ വചനമുണ്ടായിരുന്നു; ...വചനം ദൈവമായിരുന്നു'' (1:1) എന്നും ആ വചനം ''മാംസമായി നമ്മുടെ ഇടയിൽ വസിച്ചു'' (1:14) എന്നും പറയുമ്പോൾ മാംസം ധരിച്ച ദൈവമായിട്ടാണ് യേശുവിനെ അവതരിപ്പിക്കുന്നത്. ഈ യേശുതന്നെയാണ് വരാനിരുന്ന മിശിഹാ/ക്രിസ്തു എന്നും പലരീതിയിൽ യോഹന്നാന്റെ സുവിശേഷം ഏറ്റുപറയുന്നുണ്ട് (ഉദാ: 4:25–26; 11:27). സുവിശേഷരചനയുടെ ലക്ഷ്യംതന്നെ യേശു ദൈവപുത്രനായ ക്രിസ്തുതന്നെ ആണെന്ന് ഏവരും അറിയേണ്ടതിനാണെന്ന് യോഹന്നാൻ രേഖപ്പെടുത്തുന്നത് സുവിശേഷത്തിന്റെ അവസാനഭാഗത്തു കാണാം.

പരിശുദ്ധാത്മ ദൈവശാസ്ത്രവും യോഹന്നാന്റെ സുവിശേഷത്തിൽ വികസിതരൂപം പ്രാപിച്ചിട്ടുണ്ട്. യേശുവിന്റെമേൽ പരിശുദ്ധാത്മാവിന്റെ ആവാസമുണ്ടായെന്നും യേശുവാണ് ആത്മാവിനാൽ ഒരുവനെ സ്നാപ്പെടുത്തുന്നതെന്നും യോഹന്നാൻ വ്യക്തമാക്കുന്നുണ്ട് (1:31–33). യോഹന്നാന്റെ വീക്ഷണത്തിൽ പരിശുദ്ധാത്മാവ് സഹായകൻ (പറാക്ലേത്താ) ആയി നമ്മോടൊത്തു വസിക്കുന്നവനാണ് (14:16–17). പഠിപ്പിക്കുക, സാക്ഷ്യംവഹിക്കുക, ബോധ്യപ്പെടുത്തുക എന്നീ മൂന്നുവിധത്തിലുള്ള സഹായമാണ് അരൂപി നല്കുന്നത് (14:26; 15:26; 16:8–11). ദൈവവചനത്തിന്റെ പൊരുൾ മനസ്സിലാക്കാനും പ്രശ്നങ്ങളുടെയും പീഡനങ്ങളുടെയും മധ്യത്തിൽ വിശ്വാസത്തിനു സാക്ഷ്യം വഹിക്കാനും, പാപത്തെക്കുറിച്ചു ബോധ്യം ലഭിക്കുന്നതിനും പരിശുദ്ധാത്മാവാണു നമ്മെ സഹായിക്കുന്നത്.

യേശു മുന്തിരിച്ചെടിയും ശിഷ്യർ ശാഖകളുമാണെന്ന ഉപമ ക്രിസ്തുവിലുള്ള ശിഷ്യരുടെ സഭാത്മകജീവിതത്തെ വെളിപ്പെടുത്തുന്നുണ്ട്. നല്ലിടയനും ആടുകളും എന്ന സങ്കല്പവും സഭാസമൂഹത്തിന്റെ പ്രതിരൂപമായി നില്ക്കുന്നു. ''അവർ പൂർണമായും ഒന്നാകേണ്ടതിന് ഞാൻ അവരിലും അവിടുന്ന് എന്നിലും ആയിരിക്കുന്നു'' എന്ന വചനം സഭയുടെ യാഥാർത്ഥ്യത്തെയാണ് ചൂണ്ടിക്കാണിക്കുന്നത്. അതുപോലെ, യേശു തന്റെ ഉത്ഥാനശേഷം പത്രോസിനെ സഭയുടെ ഇടയനാക്കിക്കൊണ്ട് ''എന്റെ ആടുകളെ മേയിക്കുക'' (21:15) എന്നു കല്പിക്കുന്നതിന്റെ വിവരണത്തിൽ, സഭയെക്കുറിച്ചുള്ള യോഹന്നാന്റെ വീക്ഷണമാണു വ്യക്തമാകുന്നത്. സഭയിലൂടെ നല്കപ്പെടുന്ന കൂദാശകളെക്കുറിച്ചും യോഹന്നാൻ തന്റെ ദൈവശാസ്ത്രവീക്ഷണം പങ്കുവയ്ക്കുന്നുണ്ട്. മാമ്മോദീസ, പരി. കുർബാന, കുമ്പസാരം എന്നീ കൂദാശകളെക്കുറിച്ച് പ്രത്യേകമായി പരാമർശിക്കുന്നു. വീണ്ടുമുള്ള ജനനമെന്നും (3:3) ജലത്താലും അരൂപിയാലുമുള്ള ജനനമെന്നും (3:5) മാമ്മോദീസായെ വിശേഷിപ്പിക്കുന്നുണ്ട്. പരിശുദ്ധാത്മാവാണ് സഭയിൽ ഒരുവനു വീണ്ടും ജനനം സാധ്യമാക്കുന്നത്. പരിശുദ്ധ കുർബാനയെക്കുറിച്ചുള്ള ദൈവശാസ്ത്രവീക്ഷണം ആറാമധ്യായത്തിലാണു കാണുന്നത്. പരിശുദ്ധ കുർബാനയെന്നത് ജീവന്റെ അപ്പമാണെന്നും അതു തന്റെതന്നെ ശരീരമാണെന്നും യേശു അസന്നിഗ്ധമായി പ്രഖ്യാപിക്കുന്നത് യോഹന്നാൻ രേഖപ്പെടുത്തിവയ്ക്കുന്നുണ്ട് (6:51–59). വെള്ളം വീഞ്ഞാക്കുന്ന അദ്ഭുതവും യേശുവിന്റെ പാർശ്വം പിളർക്കപ്പെടുന്ന സംഭവവും ഈ കൂദാശയെ സൂചിപ്പിക്കുന്ന ഭാഗങ്ങളാണ്.

## അടയാളങ്ങളുടെ പുസ്തകം (1–12 അധ്യായങ്ങൾ)

അടയാളങ്ങളുടെ പുസ്തകമെന്ന പേരിലറിയപ്പെടുന്ന യോഹന്നാന്റെ സുവിശേഷത്തിന്റെ ആദ്യഭാഗത്ത് 12 അധ്യായങ്ങളാണുള്ളത്. ഈ ഭാഗമാണ് ലോഗോസ്ക്വിസിന് ഈ വർഷം ഒരുങ്ങേണ്ടത് എന്നതിനാൽ ഇതിന്റെ പ്രത്യേക ഘടനയും ഉള്ളടക്കവും അല്പം വിശദമാക്കുന്നത് പഠനത്തിനു സഹായകമാകുമെന്നു പ്രതീക്ഷിക്കുന്നു.

### അടയാളങ്ങളുടെ പുസ്തകം: വിശദമായ ഘടന

ആദ്യാധ്യായത്തിലെ 18 വാക്യങ്ങൾ ആമുഖമാണെന്നു നാം കണ്ടുകഴിഞ്ഞു. തുടർന്നുവരുന്ന ഭാഗം സ്നാപകയോഹന്നാനെയും ശിഷ്യരെയും കുറിച്ചുള്ളതാണ്. പിന്നീട് യേശുവിന്റെ പ്രവർത്തനങ്ങളുടെ വിവരണങ്ങളും പ്രഭാഷണങ്ങളുമാണ് കാണുക. ഈശോയുടെ പരസ്യജീവിതം അവസാനിക്കുന്നതുവരെയുള്ള കാര്യങ്ങളാണ് യോഹന്നാന്റെ സുവിശേഷത്തിൽ പന്ത്രണ്ട് അധ്യായങ്ങളിലായി അവതരിപ്പിക്കുന്നത്. സമാന്തരസുവിശേഷങ്ങളിൽ ഈശോ ഗലീലിയിലെ പ്രവർത്തനം കഴിഞ്ഞ് ജറുസലെമിലേക്കു പോകുന്നതായി അവതരിപ്പിക്കുന്നു. എന്നാൽ, യോഹന്നാന്റെ സുവിശേഷമനുസരിച്ച് യേശു ജറുസലെമിൽ തന്റെ പരസ്യജീവിതം ആരംഭിക്കുകയും പലപ്രാവശ്യം ഗലീലി യാത്ര നടത്തി അവസാനം ജറുസലെമിൽവച്ച് കുരിശിലേറ്റപ്പെടുകയും ചെയ്യുന്നു. യേശു ഏതു പ്രദേശത്താണ് എന്നതിനെ അടിസ്ഥാനമാക്കി ഈ ഭാഗത്തിന്റെ വിശദമായ ഘടന താഴെക്കൊടുക്കുന്നു.

1) ആമുഖം: ലോകത്തിലേക്കുവന്ന ദൈവത്തിന്റെ വചനം (1:1–18)

2) യേശു ജറുസലെമിൽ (1:19–51)

   സ്നാപകയോഹന്നാന്റെ സാക്ഷ്യവും ആദ്യശിഷ്യന്മാരും

3) യേശു ഗലീലിയിൽ : (2:1–12)

   കാനായിലെ അത്ഭുതം

4. യേശു ജറുസലെമിൽ (2:13–36)

   ദൈവാലയം ശുദ്ധീകരിക്കുന്നു, യേശുവും നിക്കൊദേമോസും, സ്നാപകന്റെ ദൗത്യം

5. യേശു ഗലീലിയിലേക്ക് (4:1–54)

   സമരിയാക്കാരിയുമായുള്ള സംഭാഷണം, ഗലീലിയിലെ കാനായിൽവച്ച് രാജസേവകന്റെ പുത്രനെ സുഖപ്പെടുത്തുന്നു

6. യേശു ജറുസലെമിൽ (5:1–47)

   ബെത്സഥായിലെ രോഗശാന്തി, പ്രഭാഷണം: പുത്രന്റെ അധികാരം, യേശുവിന്റെ സാക്ഷ്യം

7. യേശു ഗലീലിയിൽ (6:1–7:9)

   അപ്പം വർധിപ്പിക്കുന്നു, വെള്ളത്തിനുമീതെ നടക്കുന്നു, പ്രഭാഷണം: ജീവന്റെ അപ്പം

8. യേശു ജറുസലെമിൽ (7:10–12:50)

കൂടാരത്തിരുനാളിലെ യേശുവിന്റെ പ്രഭാഷണം, പിടിക്കപ്പെട്ട വ്യഭിചാരിണി, പ്രഭാഷണം: ലോകത്തിന്റെ പ്രകാശം–സത്യം നിങ്ങളെ സ്വതന്ത്രരാക്കും, അന്ധനെ സുഖപ്പെടുത്തുന്നു, നല്ല ഇടയനെക്കുറിച്ചുള്ള പ്രഭാഷണം, ബഥാനിയായിൽ ലാസറിനെ ഉയിർപ്പിക്കുന്നു, യേശുവിനെ വധിക്കാൻ ആലോചന.

യേശു പ്രവർത്തിക്കുന്ന ഏഴ് അടയാളങ്ങളിൽ വെള്ളം വീഞ്ഞാക്കിയതും, രാജസേവകന്റെ പുത്രനെ സുഖപ്പെടുത്തിയതും, അപ്പം വർധിപ്പിച്ചതും, വെള്ളത്തിനു മീതെ നടന്നതുമായ നാല് അടയാളങ്ങൾ പ്രവർത്തിച്ചത് ഗലീലിയിൽവച്ചാണ്. ബെത്സഥാ ജറുസലെമിലും ബഥാനിയാ ജറുസലെമിനടുത്തുമുള്ള സ്ഥലങ്ങളാണ്. അതുകൊണ്ട് തളർവാതരോഗിയെയും അന്ധനെയും സുഖപ്പെടുത്തിയതും ലാസറിനെ ഉയിർപ്പിച്ചതും യൂദയായിലെ ജറുസലെമിൽവച്ചാണെന്നു പറയാം. യേശു ഏറ്റവും അവസാനം പ്രവർത്തിക്കുന്ന അടയാളം ലാസറിനെ ഉയിർപ്പിക്കുന്ന അടയാളമാണ്. അതോടുകൂടി യേശുവിനോടുള്ള യഹൂദരുടെ ശത്രുത കൂടി. 12–ാമധ്യായം മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയുമുള്ള യേശുവിന്റെ മഹത്വത്തിന് ആരംഭം കുറിക്കുകയാണെന്നു പറയാം. മറിയം യേശുവിനെ തൈലം കൊണ്ട് അഭിഷേകം ചെയ്യുന്നതും ജറുസലെമിലേക്കു യേശു രാജകീയപ്രവേശം നടത്തുന്നതും യേശുവിന്റെ മഹത്വീകരണത്തിന്റെ പ്രാരംഭമാണ്. അങ്ങനെ പന്ത്രണ്ടാമധ്യായം അടയാളങ്ങളുടെ പുസ്തകത്തിന്റെ സമാപനമായും മഹത്വത്തിന്റ പുസ്തകത്തിനു സമാരംഭമായും നിലകൊള്ളുന്നു.

# യൂദാസിന്റെ ലേഖനം

### 1. ആമുഖം

കാതോലികലേഖനങ്ങളെന്നറിയപ്പെടുന്ന ഏഴു രചനകളിൽ അവസാനത്തേതാണ് ഒരധ്യായം മാത്രമുള്ള ഈ ലേഖനം. പഴയനിയമത്തിൽനിന്നും അപ്രാമാണികഗ്രന്ഥങ്ങളിൽ നിന്നും (ഉദാ. ഹെനോക്കിന്റെ പുസ്തകം, മോശയുടെ സ്വർഗോരോപണം) ഉദ്ധരിച്ചിട്ടുള്ള ഈ ചെറുലേഖനം കാനോനികമായി അംഗീകരിക്കപ്പെടുന്നതിനു കാലതാമസമെടുത്തു. രണ്ടാംനൂറ്റാണ്ടിൽ ഇതു ചില സഭകളിൽ അംഗീകരിക്കപ്പെട്ടിരുന്നെങ്കിലും അന്ത്യോക്യായിലും സിറിയായിലുമൊന്നും ഈ ലേഖനം അംഗീകരിക്കപ്പെട്ടിരുന്നില്ല. എന്നാൽ അഞ്ചാം നൂറ്റാണ്ടോടുകൂടി ഇത് സാർവത്രികസഭയിൽ അംഗീകാരം നേടി.

### 2. ലേഖന കർത്താവ്, കാലഘട്ടം

''യേശുക്രിസ്തുവിന്റെ ദാസനും യാക്കോബിന്റെ സഹോദരനുമായ യൂദാസ്'' എന്നു തന്നെത്തന്നെ പരിചയപ്പെടുത്തുന്ന ഗ്രന്ഥകാരൻ ഏതു യൂദാസാണ് എന്നതിനെക്കുറിച്ച് വിശദീകരണം ആവശ്യമുണ്ട്. ഈ പേരിൽ അറിയപ്പെടുന്ന യൂദാസ് തദേവൂസ്, യൂദാസ് സ്കറിയോത്ത എന്നീ രണ്ട് അപ്പസ്തോലന്മാരിൽ യൂദാസ് സ്കറിയോത്തായിൽ ലേഖനകർതൃത്വം ആരോപിക്കുന്നതിൽ സാംഗത്യമില്ല. അപ്പസ്തോലന്മാരിൽ പെട്ടവരല്ല, ഇതിന്റെ രചയിതാവ് എന്ന സൂചനയാണ് 17-ാം വാക്യത്തിൽനിന്നു ലഭിക്കുന്നത് (''...യേശുക്രിസ്തുവിന്റെ അപ്പസ്തോലന്മാരാൽ മുൻകൂട്ടിപ്പറഞ്ഞ വചനങ്ങൾ ഓർമിക്കുവിൻ''). അപ്പോൾപ്പിന്നെ യേശുവിന്റെ സഹോദരൻ എന്നറിയപ്പെടുന്ന യാക്കോബിന്റെ സഹോദരൻ യൂദാസ് (മത്താ 13:55; മർക്കോ 6:3) ആണ് ലേഖകർത്താവ് എന്ന വാദത്തിനു പ്രസക്തിയേറുന്നു. കാരണം, ജറുസലെം കൗൺസിലിൽ മുഖ്യസ്ഥാനം അലങ്കരിച്ചിരുന്ന (അപ്പ 15:12-21) ഈ യാക്കോബ്, ജറുസലെമിൽ മെത്രാനായിരുന്ന ഇദ്ദേഹം എ.ഡി. 62-ൽ വധിക്കപ്പെട്ടുവെന്നാണ് പാരമ്പര്യം. അദ്ദേഹത്തിനുശേഷം സഭയിൽ പ്രാബല്യമുണ്ടായിരുന്ന വ്യക്തിയാണ് യൂദാസ്. അതിനാൽ, അപ്പസ്തോലനായ യൂദാസല്ല, യക്കോബിന്റെ സഹോദരനായ യൂദാസ്, അതായത് കർത്താവിന്റെ സഹോദരനായ യൂദാസ് (മത്താ 13:55; മർക്കോ 6:3) ആയിരിക്കണം ലേഖനകർത്താവെന്നും കരുതുകയാണ് ഉചിതം.

ലേഖനം എഴുതപ്പെട്ട കാലത്തെക്കുറിച്ച് നിരവധി അഭിപ്രായങ്ങൾ നിലവിലുണ്ട്. മുകളിൽ സൂചിപ്പിച്ചതുപോലെ, അപ്പസ്തോലന്മാരുടെ കാലം കഴിഞ്ഞു എന്ന സൂചന ലേഖനത്തിൽത്തന്നെ ഉള്ളതിനാൽ, അപ്പസ്തോലന്മാരുടെ കാലഘട്ടത്തിനുശേഷമായിരിക്കാം ഇത് എഴുതപ്പെട്ടത് എന്ന അഭിപ്രായമാണ് സ്വീകാര്യമായിട്ടുള്ളത്. പത്രോസിന്റെ രണ്ടാംലേഖനവുമായി ഇതിനുള്ള സാമ്യവും എടുത്തുപറയത്തക്കതാണ്. ഒന്നാം നൂറ്റാണ്ടിന്റെ അവസാനം ക്രിസ്തീയസമൂഹങ്ങളിൽ കടന്നുകൂടിയ ഒട്ടേറെ അബദ്ധസിദ്ധാന്തങ്ങളെ എതിർത്തുകൊണ്ട് എഴുതുന്ന ലേഖനമാണ് പത്രോസിന്റെയും അതുപോലെതന്നെ യോഹന്നാന്റെ ലേഖനങ്ങളും. അവയെന്നപോലെ, ഇതും ഒന്നാംനൂറ്റാണ്ടിന്റെ അവസാനം രചിക്കപ്പെട്ടുവെന്നു കരുതാം.

### 3. ലേഖനത്തിന്റെ ലക്ഷ്യം

അബദ്ധസിദ്ധാന്തങ്ങളുടെ പ്രചാരകരെ അനുഗമിക്കാതിരിക്കാൻ വിശ്വാസികൾക്കു മുന്നറിയിപ്പു നല്കുക എന്ന ലക്ഷ്യമാണ് ഈ ലേഖനത്തിനുള്ളത്. ''ദുഷ്ടമനുഷ്യർ'' എന്നും ''നിയമനിഷേധകർ'' എന്നും വിശേഷിപ്പിക്കപ്പെടുന്ന ഇവരെക്കുറിച്ചും ഇവരുടെ സ്വഭാവത്തെക്കുറിച്ചും ഇവർക്കു ലഭിക്കുന്ന ശിക്ഷയെക്കുറിച്ചും ഉദാഹരണസഹിതം വിവരിക്കുന്നുണ്ട്. ഇത്തരക്കാരെ മനസ്സിലാക്കി അവരുടെ കെണിയിൽ വീഴാതെ വിശ്വാസികളെ ബലപ്പെടുത്തുകയാണ് ലേഖനകർത്താവിന്റെ ആഗ്രഹം.

ആരെ ഉദ്ദേശിച്ചാണ് ഈ ലേഖനം രചിച്ചതെന്നുള്ള ചോദ്യവും പ്രസക്തമാണ്. ''ദൈവത്താൽ സ്നേഹിക്കപ്പെടുന്നവരും യേശുക്രിസ്തുവിനുവേണ്ടി കാത്തുസൂക്ഷിക്കപ്പെടുന്നവരും'' എന്ന ഒന്നാംവാക്യത്തിലെ വിശേഷണം ക്രൈസ്തവസമൂഹത്തെ പൊതുവായി സൂചിപ്പിക്കുന്നതാണെങ്കിലും ഏതെങ്കിലും ഒരു പ്രാദേശികസമൂഹത്തെ ഉദ്ദേശിച്ചു രചിച്ചു എന്നു വിചാരിക്കാൻ ന്യായമുണ്ട്. പഴയനിയമത്തിൽ നിന്നുദ്ധരിച്ചുകൊണ്ട് എഴുതുന്നതിനാൽ യഹൂദക്രൈസ്തവരെ ലക്ഷ്യമാക്കിയാണോ, അതോ, അബദ്ധസിദ്ധാന്തങ്ങൾ സ്വീകരിക്കാൻ കൂടുതൽ സാധ്യത വിജാതീയക്രൈസ്തവരായിരിക്കുമെന്നതിനാൽ അവരെ ലക്ഷ്യമാക്കിയാണോ എന്നും തീരുമാനിക്കുക എളുപ്പമല്ല. എന്തായാലും സഭയിൽ ഭിന്നിപ്പുണ്ടായിരുന്നു എന്നു ലേഖകൻ പറയുന്നുണ്ട് (വാ. 19). വ്യാജപ്രബോധകർക്ക് എളുപ്പം വഴങ്ങുന്ന ഒരു സമൂഹമായിരുന്നു എന്നാണ് ലേഖനത്തിൽനിന്നു മനസ്സിലാകുക.

### 4. ഘടനയും ഉള്ളടക്കവും

''കരുണയും സമാധാനവും സ്നേഹവും സമൃദ്ധമായുണ്ടാകട്ടെ'' എന്നാശംസിച്ചുകൊണ്ട് ആരംഭിക്കുന്ന 25 വാക്യങ്ങൾ മാത്രമുള്ള ഈ ലേഖനം ദൈവസ്തുതികീർത്തനത്തോടെയാണ് അവസാനിക്കുന്നത്. ഇതിന് ഒരു പ്രത്യേക ഘടന കണ്ടെത്തുക എളുപ്പമല്ല. എങ്കിലും ആമുഖാശംസയും ഉപസംഹാരവും ഒഴിച്ചാൽ ബാക്കിയുള്ള 21 വാക്യങ്ങളെ താഴെപ്പറയുന്ന വിധത്തിൽ യൂണിറ്റുകളായി തരംതിരിക്കാമെന്നു തോന്നുന്നു.

1) ആമുഖാശംസ – വാ. 1–2

2) ലേഖനകാരണം – വാ. 3–4

3) വിധിയെക്കുറിച്ചുള്ള മുന്നറിയിപ്പ് – വാ. 5–16

4) പാപികളും വിശുദ്ധരും – വാ. 17–23

5) ദൈവസ്തുതിയാശംസ – വാ 24–25

ആമുഖാശംസ (വാ. 1–2): ലേഖനാരംഭത്തിൽ പതിവുപോലെ ലേഖനകർത്താവ് സ്വയം പരിചയപ്പെടുത്തുകയും അനുവാചകരുടെ തനിമയെ വ്യക്തമാക്കിക്കൊണ്ട് അവർക്ക് അഭിവാദനമർപ്പിക്കുകയും ചെയ്യുന്നു. ലേഖകൻ, യേശുക്രിസ്തുവിന്റെ ദാസനെന്നു സ്വയം വിശേഷിപ്പിച്ചുകൊണ്ടാണ് യാക്കോബിന്റെ സഹോദരനാണെന്നു പരിചയപ്പെടുത്തുന്നത്. തന്നെത്തന്നെ ദാസൻ എന്നു വിശേഷിപ്പിക്കുന്നതുകൊണ്ട് യേശുക്രിസ്തു തന്റെ യജമാനനാണെന്നും യേശുക്രിസ്തുവിന്റെ ഹിതം നിറവേറ്റുകയാണ് തന്റെ ലക്ഷ്യമെന്നും ലേഖകൻ വ്യക്തമാക്കുന്നു. അനുവാചകരെ മൂന്നുതരത്തിൽ വിശേഷിപ്പിക്കുന്നുണ്ട്: പിതാവായ ദൈവത്താൽ സ്നേഹിക്കപ്പെടുന്നവരും യേശുക്രിസ്തുവിനാൽ കാത്തുസൂക്ഷിക്കപ്പെടുന്നവരും വിളിക്കപ്പെട്ടവരും. യേശുക്രിസ്തുവിനാൽ കാത്തുസൂക്ഷിക്കപ്പെടുന്നവർ എന്നത് യുഗാന്തത്തെ പ്രതീക്ഷിച്ചിരിക്കുന്നവർ എന്ന അർഥത്തിലായിരിക്കണം. അവർക്കാശംസിക്കുന്നതു മൂന്നു കാര്യങ്ങളാണ്: കരുണയും സമാധാനവും സ്നേഹവും.

2) ലേഖനകാരണം (വാ. 3–4): ഈ വാക്യങ്ങളിൽ ലേഖനമെഴുതേണ്ടിവന്ന സാഹചര്യം വിശദമാക്കുന്നു. വിശ്വാസവിഷയങ്ങളെക്കുറിച്ച് എഴുതാമെന്നോർത്തിരിക്കുമ്പോഴാണ് വിശ്വാസസംരക്ഷണത്തിനുവേണ്ടി പോരാടാൻ സഹായകമാകുന്ന രീതിയിൽ എഴുതേണ്ടിവന്നത്. അതിന്റെ കാരണം നാലാം വാക്യത്തിൽ കാണാം: അവരുടെയിടയിൽ കയറിക്കൂടിയിരിക്കുന്ന ''ചില ദുഷ്ടമനുഷ്യർ''. അവരുടെ വ്യാജപ്രബോധനത്തെക്കുറിച്ച് മുന്നറിയിപ്പു നല്കുകയെന്നത് ലേഖകനു പരമപ്രധാനമായി തോന്നി.

3) വിധിയെക്കുറിച്ചുള്ള മുന്നറിയിപ്പ് (വാ. 5–16): വിശ്വാസികളുടെയിടയിൽ കയറിക്കൂടിയിരിക്കുന്ന ''ചില ദുഷ്ടമനുഷ്യർ'' പ്രചരിപ്പിക്കുന്ന തെറ്റായ വിശ്വാസവും അധാർമികമായ

ജീവിതശൈലിയും അവരുടെ സ്വഭാവവും അവർക്കുണ്ടാകാൻ പോകുന്ന ശിക്ഷാവിധിയും ഇവിടെ ഉദാഹരണങ്ങളിലൂടെയും ഉപമകളിലൂടെയും അവതരിപ്പിക്കുകയാണ്. അധഃപതിച്ച ദൈവദൂതന്മാരെക്കുറിച്ചുള്ള ഉദാഹരണം (വാ. 6) അപ്രാമാണികഗ്രന്ഥമായ *ഹെനോക്കിന്റെ പുസ്തക*ത്തിൽനിന്നുള്ളതാണ്. 11–13 വാക്യങ്ങളിൽ ദുഷ്ടമനുഷ്യരുടെ സ്വഭാവം വ്യക്തമാക്കാൻ പഴയനിയമത്തിൽനിന്നു മൂന്നു ഉദാഹരണങ്ങൾ ഉപയോഗിക്കുന്നുണ്ട്: സഹോദരനെ കൊന്ന കായേൻ (ഉൽപ്പ 4:3–8) ഇസ്രായേലിനെ ശപിക്കാനെത്തിയ ബാലാം (സംഖ്യ 23–24), കോറഹ് (സംഖ്യ 16:1–35). തുടർന്നു നാലു സാദൃശ്യങ്ങളിലൂടെയും സ്നേഹവിരുന്നുകളിൽ തിന്നുകുടിച്ചു മദിക്കുന്ന അവരുടെ നാശകരമായ സ്വഭാവത്തെ സൂചിപ്പിക്കുന്നു: ജലശൂന്യമായ മേഘം, ഉണങ്ങിയ ശരത്കാലവൃക്ഷം, ഉന്മത്ത തരംഗങ്ങൾ, വഴിതെറ്റിപ്പോകുന്ന നക്ഷത്രങ്ങൾ. 14–ാം വാക്യവും ഹെനോക്കിന്റെ പുസ്തകത്തെ ആസ്പദമാക്കിയുള്ളതാണ്. ശരിയായ വിശ്വാസത്തെ എതിർക്കുകയും മറ്റുള്ളവരെ തെറ്റിലേക്കു പ്രലോഭിപ്പിക്കുകയും ചെയ്യുന്നവർ ഇക്കാലത്തും സ്വന്തം കാര്യങ്ങളിൽ അമിതതാല്പര്യം കാണിക്കുന്നവരും അസാന്മാർഗികജീവിതം നയിക്കാനിഷ്ടപ്പെടുന്നവരുമാണെന്ന സത്യം തള്ളിക്കളയാനാവില്ല.

4) പാപികളും വിശുദ്ധരും (വാ. 17–23): ''അധമവികാരങ്ങൾക്ക് അടിമപ്പെട്ടു ജീവിക്കുന്ന പരദൂഷകർ'' വരാനിരിക്കുന്നെന്ന് അപ്പസ്തോലന്മാർ മുൻകൂട്ടി പറഞ്ഞിട്ടുണ്ടെന്ന് ഓർമിപ്പിച്ചുകൊണ്ട് വിശ്വാസത്തിൽ ഉറച്ചുനിൽക്കാൻ ക്രൈസ്തവരെ പ്രേരിപ്പിക്കുകയാണ് ഈ വാക്യങ്ങളിലൂടെ ലേഖകൻ. ഏഴു കാര്യങ്ങളിൽ അവർ ശ്രദ്ധിക്കേണ്ടതുണ്ട്: പരിശുദ്ധാത്മാവിൽ പ്രാർഥിക്കണം, പവിത്രമായ വിശ്വാസത്തിൽ അഭിവൃദ്ധി പ്രാപിക്കണം, ക്രിസ്തുവിന്റെ കാരുണ്യത്തെ ഉറ്റുനോക്കണം, ദൈവസ്നേഹത്തിൽ തങ്ങളെത്തന്നെ കാത്തുസൂക്ഷിക്കണം, ചഞ്ചലചിത്തരോട് അനുകമ്പ കാണിക്കണം, അഗ്നിയിൽ അകപ്പെട്ടവരെ രക്ഷിക്കണം, പാപികളോട് ഭയത്തോടെ കരുണ കാണിക്കണം. പാപത്തെ വെറുക്കുകയും തന്നെത്തന്നെ രക്ഷിക്കുകയും ചെയ്യുന്നതു മാത്രമല്ല, പാപികളുടെ രക്ഷയ്ക്കായി അധ്വാനിക്കുന്നതുകൂടി ക്രൈസ്തവന്റെ കടമയാണെന്ന് ലേഖകൻ ഓർമിപ്പിക്കുന്നു.

5) ദൈവസ്തുതിയാശംസ (വാ 24–25): സാധാരണ ലേഖനങ്ങളിൽനിന്നു വ്യത്യസ്തമായി സമാപനാശംസയ്ക്കുപകരം ദൈവസ്തുതിയിലവസാനിക്കുകയാണ് യൂദാസിന്റെ ലേഖനം. ക്രൈസ്തവസമൂഹങ്ങളിൽ ദൈവാരാധനയുടെ ഭാഗമായി രൂപം കൊടുത്തിട്ടുള്ളതും അവർ ഉപയോഗിച്ചിരുന്നതുമായ ദൈവസ്തുതി തന്റെ ലേഖനത്തിനു ഉചിതമായ ഒരു സമാപനമാണെന്നു ലേഖനകർത്താവു കരുതിക്കാണണം.

# മാതൃകാചോദ്യങ്ങൾ

1. ജനസംഖ്യയെടുക്കാൻ കർത്താവ് മോശയോടു കല്പിച്ചതെവിടെവച്ച്?
   (a) സീനായ് മരുഭൂമിയിൽവച്ച് (b)സീനായ്മരുഭൂമിയിൽ സമാഗമകൂടാരത്തിൽ വച്ച്
   (c) സീനായ് മലയിൽവച്ച് (d) സിൻ മരുഭൂമിയിൽ സാക്ഷ്യപേടകത്തിൽവച്ച്
2. ഇസ്രായേലിലെ യുദ്ധശേഷിയുള്ള ആകെ പുരുഷന്മാരുടെ എണ്ണമെത്രയായിരുന്നു?
   (a) ആറുലക്ഷം (b) ഒരുലക്ഷത്തിയെൺത്താറായിരത്തി നാനൂറ
   (c) ആറുലക്ഷത്തിമൂവായിരത്തഞ്ഞൂറ്റമ്പത്(d) ആറുലക്ഷത്തി അയ്യായിരത്തമ്പത്
3. ലിബ്നി ആരുടെ പുത്രനാണ്?
   (a) കൊഹാത്തിന്റെ (b) മെറാറിയുടെ
   (c) അമ്രാമിന്റെ (d) ഗർഷോന്റെ
4. 8:20 അനുസരിച്ച്, ലേവ്യരെ കർത്താവിനു പ്രതിഷ്ഠിച്ചതാര്?
   (a) മോശ (b) അഹറോൻ
   (c) മോശയും അഹറോനും ഇസ്രായേൽ സമൂഹവും ചേർന്ന
   (d) മോശയും അഹറോനും ചേർന്ന്
5. സന്നാഹത്തിനുള്ള രണ്ടാമത്തെ കാഹളം പുറപ്പെടുമ്പോൾ പുറപ്പെടേണ്ട പാളയമേത്?
   (a) കിഴക്കുവശത്തുള്ളത് (b) ദാനിന്റെ പാളയം
   (c) തെക്കുവശത്തുള്ളത് (d) ലേവ്യരുടെ പാളയം
6. ''അത് അവരുടെതന്നെ ജീവനെ അപഹരിക്കുന്നു'' (1:19). ഇതാരെക്കുറിച്ചു പറയുന്നതാണ്?
   (a) പാപികളെക്കുറിച്ച് (b) അക്രമത്തിലൂടെ നേട്ടമുണ്ടാക്കുന്നവരെക്കുറിച്ച്
   (c) ഭോഷരെക്കുറിച്ച് (d) കൊള്ളമുതൽ സ്വന്തമാക്കുന്നവരെക്കുറിച്ച്
7. ജ്ഞാനത്തിന്റെ ഇടതുകൈയിൽ ഉള്ളതെന്ത്?
   (a) സമ്പത്ത (b) ദീർഘായുസ്സ്
   (c) സമ്പത്തും ദീർഘായുസ്സും (d) സമ്പത്തും ബഹുമതിയും
8. ''അല്പബുദ്ധികളേ ഇങ്ങോട്ടുവരുവിൻ'' എന്നു വിളിച്ചറിയിക്കാൻ അയച്ചിരിക്കുന്നതാരെ?
   (a) ജ്ഞാനത്തെ (b) അറിവു തേടുന്നവരെ
   (c) പരിചാരികമാരെ (d) ജ്ഞാനത്തെ സ്നേഹിക്കുന്നവരെ
9. ''ഞാൻ ക്രിസ്തുവല്ല, അവൻ അസന്നിഗ്ധമായി പ്രഖ്യാപിച്ചു''. തുടർന്ന് അവർ ചോദിച്ചതെന്ത്?
   (a) എങ്കിൽപ്പിന്നെ നീ ആരാണ് (b) എങ്കിൽപ്പിന്നെ നീ ആരാണ്? ഏലിയായോ?
   (c) എങ്കിൽ നീ പ്രവാചകനാണോ? (d) അങ്ങനെയെങ്കിൽ നീ ആരാണ്, പ്രവാചകനോ?
10. സാലിമിനടുത്തുള്ള ഏനോനിൽ സ്നാനം നല്കിയതാരാണ്?
   (a) യോഹന്നാനും ശിഷ്യരും (b) യേശു
   (c) യോഹന്നാൻ (d) യേശുവിന്റെ ശിഷ്യർ
11. രണ്ടുദിവസം സമരിയാക്കാരോടൊത്തു താമസിച്ചശേഷം യേശു പോയതെങ്ങോട്ട്?
   (a) യൂദയായിലേക്ക് (b) സിനഗോഗിലേക്ക
   (c) കാനായിലേക്ക് (d) ഗലീലിയിലേക്ക്
12. ''ഇവൻതന്നെയാണ് ക്രിസ്തുവെന്ന് ഒരുപക്ഷേ അധികാരികൾ യഥാർത്ഥത്തിൽ അറിഞ്ഞിരിക്കുമോ?'' ഇതു പറഞ്ഞതാരാണ്?
   (a) യേശുവിൽ വിശ്വസിച്ചവർ (b) ഫരിസേയരിൽ ചിലർ
   (c) ജറുസലെം നിവാസികളിൽ ചിലർ (d) ജനം
13. ''അവനെപ്പറ്റി നീ എന്തുപറയുന്നു?'' ഈ ചോദ്യത്തിനു മറുപടിയായി അന്ധൻ പറഞ്ഞതെന്ത്?
   (a) അവൻ എന്റെ കണ്ണുകളിൽ ചെളി പുരട്ടി; ഞാൻ കഴുകി; ഞാൻ കാണുകയും ചെയ്യുന്നു
   (b) അവൻ പാപിയാണോ എന്നെനിക്കറിഞ്ഞുകൂടാ
   (c) അവൻ ഒരു പ്രവാചകനാണ് (d) ഈ മനുഷ്യൻ ദൈവത്തിൽനിന്നുള്ളവനാണ്

14. ലേഖനകർത്താവ് എന്തിനെക്കുറിച്ച് എഴുതുവാനാണ് അതിയായി ആഗ്രഹിച്ചിരുന്നത്?
   (a) വിശ്വാസത്തിനുവേണ്ടി പോരാടണമെന്നതിനെക്കുറിച്ച്
   (b) ചില ദുഷ്ടമനുഷ്യർ നിങ്ങളുടെയിടയിൽ കയറിക്കൂടിയിട്ടുണ്ട് എന്നതിനെക്കുറിച്ച്
   (c) നമുക്കു പൊതുവായി ലഭിച്ചിരിക്കുന്ന രക്ഷയെക്കുറിച്ച്
   (d) നിങ്ങളെ ഓർമപ്പെടുത്തേണ്ട ചില കാര്യങ്ങളെക്കുറിച്ച്
15. ''നിങ്ങളുടെ പവിത്രമായ വിശ്വാസത്തിൽ അഭിവൃദ്ധി പ്രാപിക്കുവിൻ'' എങ്ങനെയാണത്?
   (a) ദൈവസ്നേഹത്തിൽ നിങ്ങളെത്തന്നെ കാത്തുകൊണ്ട്
   (b) യേശുക്രിസ്തുവിന്റെ കാരുണ്യത്തെ ഉറ്റുനോക്കിക്കൊണ്ട്
   (c) അനുകമ്പ കാണിച്ചുകൊണ്ട്   (d) പരിശുദ്ധാത്മാവിൽ പ്രാർഥിച്ചുകൊണ്ട്